# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA TSR (P16) /875 /2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 02/09/2021
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA TSR (P16) /875 /2021

തീയ്യതി: 02/09/2021

## തൃശ്ശൂർ ജില്ലയിലെ വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 30-06-2019 മുതൽ 31-05-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു എസ്. നായർ | ഡെപ്യൂട്ടി ഡയറക്ടർ | 17-06-2021 | 29-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-06-2021 | 29-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ബേബി.പി.വി,ഓഡിറ്റ് ഓഫീസർ
ശ്രീ.ജോമോൻ. ഇ.കെ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽകുമാർ.കെസി,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.നിജു.സി.എസ്,ഓഡിറ്റർ
ശ്രീമതി.രേഖ.ഇ.സി,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രതി എം. എസ് | പ്രസിഡന്റ് | 01-04-2019 | 02-07-2019 |
| പത്മിനി പി. കെ | പ്രസിഡന്റ് | 03-07-2019 | 31-03-2020 |
| സുജാത പി | സെക്രട്ടറി | 01-04-2019 | 12-08-2019 |
| മിനി സി എസ് | സെക്രട്ടറി | 13-08-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അശ്വതി ജി .പ്രസാദ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| പ്രതിഷ് കുമാർ വി കെ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 31-03-2020 |
| ഡോക്ടർ ഫ്രാൻസിസ് ജിമ്മി ജോസ് | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2019 | 31-03-2020 |
| ഡോക്ടർ രാജലക്ഷ്മി | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| രാധാകൃഷ്ണൻ | | | |
| ടി കെ ശാന്ത | പ്രധാന അധ്യാപിക | 01-04-2019 | 31-03-2020 |
| ഷിജി കെ യു | വി ഇ . ഓ | 01-04-2019 | 31-03-2020 |
| ധന്യ എം.വി. | വി ഇ . ഓ | 01-04-2019 | 31-03-2020 |
| ഷീജ പി.ജെ. | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ജയ പി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| സബിത വി.എച്ച്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 01-07-2019 |
| ഷിബു കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 02-07-2019 | 31-03-2020 |
| ജോമോൾ സി. ബേബി | ഫിഷറി സബ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| ഡോ. ജ്യോത്സ്ന സദാനന്ദൻ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോക്ടർ ജാൻസി ഡി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Niju.C.S (Auditor, On 23-06-2021)<br>Last Updated By: Niju.C.S (Auditor, On 27-06-2021) | 1-1 |
| 2 | ബജറ്റ് അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്<br>Written By: Niju.C.S (Auditor, On 30-06-2021)<br>Last Updated By: SunilKumar K C (Asst. Audit Officer, On 01-09-2021) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Niju.C.S (Auditor, On 23-06-2021)<br>Last Updated By: SunilKumar K C (Asst. Audit Officer, On 01-09-2021) | 1-2 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Niju.C.S (Auditor, On 23-06-2021)<br>Last Updated By: SunilKumar K C (Asst. Audit Officer, On 01-09-2021) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Niju.C.S (Auditor, On 27-06-2021)<br>Last Updated By: SunilKumar K C (Asst. Audit Officer, On 01-09-2021) | 1-4 |
| 6 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകതകൾ<br>Written By: Niju.C.S (Auditor, On 29-06-2021)<br>Last Updated By: Niju.C.S (Auditor, On 29-06-2021) | 1-4-1 |
| 7 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വകമാറ്റാതെ സമയബന്ധിതമായി വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്<br>Written By: Niju.C.S (Auditor, On 29-06-2021)<br>Last Updated By: SunilKumar K C (Asst. Audit Officer, On 01-09-2021) | 1-4-2 |
| 8 | പൊതു വിഭാഗം വികസന ഫണ്ട്സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കിയില്ല,₹51.54 ലക്ഷം ലാപ്സായി.<br>Written By: Niju.C.S (Auditor, On 30-06-2021)<br>Last Updated By: Niju.C.S (Auditor, On 30-06-2021) | 1-4-3 |
| 9 | പ്രത്യേക ഘടക പദ്ധതി-സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കിയില്ല<br>Written By: Niju.C.S (Auditor, On 30-06-2021)<br>Last Updated By: SunilKumar K C (Asst. Audit Officer, On 01-09-2021) | 1-4-4 |
| 10 | സംരക്ഷണ ഗ്രാന്റ് (റോഡ്)-സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കിയില്ല-51.90 ലക്ഷം ലാപ്സായി<br>Written By: Niju.C.S (Auditor, On 30-06-2021)<br>Last Updated By: Niju.C.S (Auditor, On 30-06-2021) | 1-4-5 |
| 11 | സെൻട്രൽ ഫിനാൻഷ്യൽ ഗ്രാന്റ്-സമയബന്ധിതമായി പ്രോജക്ടുകൾ | 1-4-6 |

| | | |
|---|---|---|
| | നടപ്പാക്കിയില്ല-57.17 ലക്ഷം ലാപ്സായി<br>Written By: Niju.C.S (Auditor, On 30-06-2021)<br>Last Updated By: SunilKumar K C (Asst. Audit Officer, On 01-09-2021) | |
| 12 | സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്)-സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കിയില്ല-21.53 ലക്ഷം ലാപ്സായി<br>Written By: Niju.C.S (Auditor, On 30-06-2021)<br>Last Updated By: Niju.C.S (Auditor, On 30-06-2021) | 1-4-7 |
| 13 | ജോയിന്റ് വെഞ്ചർ വിഹിതം പൂർണ്ണമായും ചെലവഴിക്കേണ്ടതാണ്<br>Written By: Niju.C.S (Auditor, On 30-06-2021)<br>Last Updated By: SunilKumar K C (Asst. Audit Officer, On 01-09-2021) | 1-4-8 |
| 14 | പദ്ധതി അവലോകനം<br>Written By: P.V.Baby (Audit Officer, On 23-06-2021)<br>Last Updated By: SunilKumar K C (Asst. Audit Officer, On 01-09-2021) | 1-5 |
| 15 | തൊഴിലുറപ്പു പദ്ധതി<br>Written By: Jomon E K (Asst. Audit Officer, On 23-06-2021)<br>Last Updated By: SunilKumar K C (Asst. Audit Officer, On 01-09-2021) | 1-6 |
| 16 | ക്ഷേമ പദ്ധതികൾ<br>Written By: Jomon E K (Asst. Audit Officer, On 26-06-2021)<br>Last Updated By: SunilKumar K C (Asst. Audit Officer, On 01-09-2021) | 1-7 |
| 17 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: REKHA E.C. (Auditor, On 26-06-2021)<br>Last Updated By: REKHA E.C. (Auditor, On 28-06-2021) | 1-8 |
| 18 | ആഭ്യന്തരനിയന്ത്രണം<br>Written By: P.V.Baby (Audit Officer, On 30-06-2021)<br>Last Updated By: P.V.Baby (Audit Officer, On 30-06-2021) | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Niju.C.S (Auditor, On 30-06-2021)<br>Last Updated By: SunilKumar K C (Asst. Audit Officer, On 01-09-2021) | 1-10 |
| 20 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: Niju.C.S (Auditor, On 27-06-2021)<br>Last Updated By: Niju.C.S (Auditor, On 27-06-2021) | 1-11 |
| 21 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്- അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പാലിക്കുന്നില്ല<br>Written By: Niju.C.S (Auditor, On 27-06-2021)<br>Last Updated By: SunilKumar K C (Asst. Audit Officer, On 01-09-2021) | 1-11-1 |
| 22 | രജിസ്റ്ററുകളുടെ പരിപാലനം -അപാകതകൾ<br>Written By: Niju.C.S (Auditor, On 30-06-2021)<br>Last Updated By: Niju.C.S (Auditor, On 30-06-2021) | 1-11-2 |
| 23 | ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി നടത്തുന്നില്ല,സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കേണ്ടതാണ്<br>Written By: Niju.C.S (Auditor, On 29-06-2021)<br>Last Updated By: SunilKumar K C (Asst. Audit Officer, On 01-09-2021) | 1-11-3 |
| 24 | സാംഖ്യ-സഞ്ചയ -വസ്തു നികുതി-ലൈബ്രറി | 1-11-4 |

| | | |
|---|---|---|
| | സെസ്സ് ബാലൻസ് കണക്കാക്കുന്നതിൽ വ്യത്യാസം<br>Written By: Niju.C.S (Auditor, On 30-06-2021)<br>Last Updated By: Niju.C.S (Auditor, On 30-06-2021) | |
| 25 | വസ്തുനികുതി സഞ്ചയ ഡിസിബി- അംഗീകരിക്കുന്നില്ല<br>Written By: Niju.C.S (Auditor, On 29-06-2021)<br>Last Updated By: SunilKumar K C (Asst. Audit Officer, On 01-09-2021) | 1-11-5 |
| 26 | Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കുറവ് ചെയ്തതായും കാണുന്നു.വൗച്ചറുകളോ മറ്റ് രേഖകളോ പരിശോധനക്കു ലഭ്യമാക്കിയിട്ടില്ല<br>Written By: Niju.C.S (Auditor, On 29-06-2021)<br>Last Updated By: SunilKumar K C (Asst. Audit Officer, On 01-09-2021) | 1-11-6 |
| 27 | ലേല ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.<br>Written By: REKHA E.C. (Auditor, On 28-06-2021)<br>Last Updated By: SunilKumar K C (Asst. Audit Officer, On 01-09-2021) | 1-12 |
| 28 | ഓഡിറ്റോറിയങ്ങൾക്കു ലൈസൻസ് എടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: REKHA E.C. (Auditor, On 29-06-2021)<br>Last Updated By: SunilKumar K C (Asst. Audit Officer, On 01-09-2021) | 1-13 |
| 29 | ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ, കള്ളുഷാപ്പുകൾ,ക്ഷീരസഹകരണ സംഘം പ്രവർത്തിക്കുന്നു<br>Written By: REKHA E.C. (Auditor, On 29-06-2021)<br>Last Updated By: SunilKumar K C (Asst. Audit Officer, On 01-09-2021) | 1-14 |
| 30 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ<br>Written By: REKHA E.C. (Auditor, On 29-06-2021)<br>Last Updated By: SunilKumar K C (Asst. Audit Officer, On 01-09-2021) | 1-15 |
| 31 | അനധികൃതമായി പ്രവർത്തിക്കുന്ന അറവുശാലകൾ - സ്ഥാപനങ്ങൾക്കെതിരെയുള്ള തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.<br>Written By: REKHA E.C. (Auditor, On 30-06-2021)<br>Last Updated By: REKHA E.C. (Auditor, On 02-09-2021) | 1-16 |
| 32 | വാടക - മുഴുവൻ തുകയും ഈടാക്കുന്നില്ല.<br>Written By: REKHA E.C. (Auditor, On 30-06-2021)<br>Last Updated By: REKHA E.C. (Auditor, On 02-09-2021) | 1-17 |
| 33 | വസ്തു നികുതി നിർണ്ണയം - സ്വിമ്മിങ് പൂൾ | 1-18 |

| | | |
|---|---|---|
| | ഏരിയ കണക്കാക്കിയില്ല<br>Written By: REKHA E.C. (Auditor, On 30-06-2021)<br>Last Updated By: REKHA E.C. (Auditor, On 02-09-2021) | |
| 34 | തൊഴിൽ നികുതി<br>Written By: REKHA E.C. (Auditor, On 30-06-2021)<br>Last Updated By: REKHA E.C. (Auditor, On 02-09-2021) | 1-19 |
| 35 | പഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ നിയന്ത്രിക്കുന്നതിൽ വീഴ്ച<br>Written By: REKHA E.C. (Auditor, On 30-06-2021)<br>Last Updated By: REKHA E.C. (Auditor, On 02-09-2021) | 1-20 |
| 36 | കിണർ റീചാർജ്ജ് -തൊഴിലുറപ്പിൽ കൂടുതലായി ഉൾപ്പെടുത്തണം.<br>Written By: Jomon E K (Asst. Audit Officer, On 29-06-2021)<br>Last Updated By: REKHA E.C. (Auditor, On 02-09-2021) | 1-21 |
| 37 | ജി.എം.എൽ.പി സ്കൂൾ -സ്വന്തം സ്ഥലവും കെട്ടിടവും കണ്ടെത്തണം<br>Written By: Jomon E K (Asst. Audit Officer, On 29-06-2021)<br>Last Updated By: REKHA E.C. (Auditor, On 02-09-2021) | 1-22 |
| 38 | നൂറ് വീട് ഭവന പദ്ധതി -വായ്പാ തിരിച്ചടവ് സമയ ബന്ധിതമായി പൂർത്തിയാക്കണം.<br>Written By: Jomon E K (Asst. Audit Officer, On 30-06-2021)<br>Last Updated By: REKHA E.C. (Auditor, On 02-09-2021) | 1-23 |
| 39 | ലോഗ്ബുക്ക് പരിപാലനം അപാകതകൾ<br>Written By: Jomon E K (Asst. Audit Officer, On 30-06-2021)<br>Last Updated By: REKHA E.C. (Auditor, On 02-09-2021) | 1-24 |
| 40 | തൊഴിലുറപ്പ് പദ്ധതി അവലോകനം<br>Written By: Jomon E K (Asst. Audit Officer, On 29-06-2021)<br>Last Updated By: REKHA E.C. (Auditor, On 02-09-2021) | 1-25 |
| 41 | പഞ്ചായത്ത് കമ്മിറ്റി തീരുമാനം നടപ്പിലാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: P.V.Baby (Audit Officer, On 30-06-2021)<br>Last Updated By: REKHA E.C. (Auditor, On 02-09-2021) | 1-26 |
| 42 | കന്നുകുട്ടി പരിപാലന പദ്ധതി<br>Written By: SunilKumar K C (Asst. Audit Officer, On 29-06-2021)<br>Last Updated By: REKHA E.C. (Auditor, On 02-09-2021) | 1-27 |
| 43 | അഗതി ആശ്രയ<br>Written By: SunilKumar K C (Asst. Audit Officer, On 30-06-2021)<br>Last Updated By: REKHA E.C. (Auditor, On 02-09-2021) | 1-28 |
| 44 | മെഡിക്കൽ ഓഫീസർ-ആയുർവ്വേദം നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: Niju.C.S (Auditor, On 29-06-2021)<br>Last Updated By: REKHA E.C. (Auditor, On 02-09-2021) | 1-29 |
| 45 | പൊതുമരാമത്തു പ്രവൃത്തികൾ - പൊതു വിവരങ്ങൾ | 1-30 |

| | | |
|---|---|---|
| | Written By: P.V.Baby (Audit Officer, On 30-06-2021)<br>Last Updated By: REKHA E.C. (Auditor, On 02-09-2021) | |
| 46 | പാർട്ട് പേമെന്റ് വിവരങ്ങൾ ചേർത്തിട്ടില്ല, പൊളിച്ചെടുത്ത സ്ക്രാപ്പ് വില്പന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: P.V.Baby (Audit Officer, On 30-06-2021)<br>Last Updated By: REKHA E.C. (Auditor, On 02-09-2021) | 1-31 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം<br>Written By: Niju.C.S (Auditor, On 27-06-2021)<br>Last Updated By: Niju.C.S (Auditor, On 27-06-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Niju.C.S (Auditor, On 27-06-2021)<br>Last Updated By: Niju.C.S (Auditor, On 27-06-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Niju.C.S (Auditor, On 27-06-2021)<br>Last Updated By: Niju.C.S (Auditor, On 27-06-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Niju.C.S (Auditor, On 27-06-2021)<br>Last Updated By: Niju.C.S (Auditor, On 27-06-2021) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Niju.C.S (Auditor, On 27-06-2021)<br>Last Updated By: Niju.C.S (Auditor, On 27-06-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Niju.C.S (Auditor, On 27-06-2021)<br>Last Updated By: Niju.C.S (Auditor, On 27-06-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Niju.C.S (Auditor, On 30-06-2021)<br>Last Updated By: REKHA E.C. (Auditor, On 02-07-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Niju.C.S (Auditor, On 30-06-2021)<br>Last Updated By: Niju.C.S (Auditor, On 30-06-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Niju.C.S (Auditor, On 30-06-2021)<br>Last Updated By: Niju.C.S (Auditor, On 30-06-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Niju.C.S (Auditor, On 30-06-2021) | 4-10 |

| | |
|---|---|
| | Last Updated By: Niju.C.S (Auditor, On 30-06-2021) |

## അനുബന്ധം

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |

# ഭാഗം -1

## 1-1 ബജറ്റ്

2019-20 സാമ്പത്തിക വർഷത്തേക്കുള്ള കരട് ബജറ്റ് 28.02.2019 ലെ പഞ്ചായത്ത് ജനറൽ കമ്മിറ്റി തീരുമാനം 2(1) പ്രകാരം അംഗീകാരം നേടി. ₹86,61,346.23 മുന്നിരിപ്പം ₹18,55,80,000/- വരവും ₹18,32,51,600/- ചെലവും ₹87,89,746.23/- രൂപ മിച്ചവും വരുന്നതാണ് കരട് ബജറ്റ്. എന്നാൽ അതേ യോഗത്തിലെ തീരുമാനം 1(1) പ്രകാരം അംഗീകരിച്ച 2018-19 പരിഷ്കരിച്ച ബജറ്റിലെ നീക്കിയിരിപ്പ് ₹ 78,48,749.23 ആണ്. ഈ നീക്കിയിരിപ്പം 2019-20 കരട് ബജറ്റ് മുന്നിരിപ്പം പൊരുത്തപ്പെടുന്നില്ല.

₹1,43,61,005മുന്നിരിപ്പം(2018-19 Actual പ്രകാരം)₹17,09,00,318/- വരവും ₹17,63,23,658/- ചെലവും ₹89,37,665/- രൂപ മിച്ചവും വരുന്ന 2019-20 പരിഷ്കരിച്ച ബജറ്റ് 26.03.2020ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1(1) തീരുമാന പ്രകാരം അംഗീകരിച്ചു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

## 1-1-1 ബജറ്റ് അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

നിയതമായ ഇടവേളകളിൽ ബജറ്റ് അവലോകനം നടത്തുന്നില്ല. ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റ് എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്.

ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, പഞ്ചായത്ത് 2019-20 പുതുക്കിയ ബജറ്റ് തയ്യാറാക്കിയെങ്കിലും റിവൈസ്ഡ് പ്രൊപ്പോസലുകൾ സ്വീകരിച്ചതായി കാണുന്നില്ല 2019-20ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. പ്രധാന വരവ് ചെലവ് വിഭാഗങ്ങളിലെയും അവയിൽ വരുന്ന പ്രധാന ഉപ ഇനങ്ങളുടെയും ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | | ഇനം | പരിഷ്കരിച്ചബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ₹ | വാർഷിക കണക്കുകൾ(I&E) പ്രകാരമുള്ള വരവ് ₹ | വ്യത്യാസം |
|---|---|---|---|---|---|
| 1 | | നികുതി വരവുകൾ | 51,75,000 | 50,06,320 | -168680 |
| | എ | വസ്തുനികുതി | 3925000 | 39,13,550 | -11450 |
| | ബി | തൊഴിൽ നികുതി | 1250000 | 10,92,770 | -157230 |
| 2 | | നികുതിയിതര വരവുകൾ | 30,27,500 | 26,68,269 | -359231 |
| | എ | വാടക | 10,50,000 | 10,35,930 | -14070 |
| | ബി | ലൈസൻസ് | 1,45,000 | 1,54,366 | +9366 |
| | സി | പെർമ്മിറ്റ് | 1,50,000 | 51,621 | -98379 |
| | ഡി | സ്ഥിരനിക്ഷേപ പലിശ | 50,000 | 0 | -50000 |
| | ഇ | നിക്ഷേപം മുതൽക്കൂട്ടിയത് | 1,20,000 | 0 | -120000 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 3 | | പൊതു ഉദ്ദേശ്യ ഗ്രാന്റ് | 1,16,55,000 | 1,21,37,436 | +482436 |
| 4 | | പ്ളാൻ ഫണ്ട് | 7,64,77,701 | 2,25,79,768 | -53897933 |
| 5 | | നോൺ പ്ളാൻ ഗ്രാന്റ് | 5,00,00,000 | 2,25,44,113 | -27455887 |
| 6 | | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 1,44,10,000 | 1,05,30,947 | -3879053 |
| 7 | | ഭരണ ചെലവുകൾ | 18,97,500 | 11,42,469 | -755031 |
| 8 | | ഓപ്പറേഷൻസ് & മെയിന്റനൻസ് | 39,12,500 | 34,90,119 | -422381 |
| 9 | | പലിശ മറ്റു അനുബന്ധ ചാർജ്ജുകൾ | 350 | 999 | +649 |
| 10 | | പ്ലാൻ-ഉല്പാദന മേഖല | 93,01,125 | 43,76,118 | -4925007 |
| 11 | | പ്ലാൻ-സേവന മേഖല | 4,92,43,920 | 4,37,55,522 | -5488398 |
| 12 | | പ്ലാൻ-പശ്ചാത്തല മേഖല | 1,35,21,000 | 18,71,095 | -11649905 |
| 13 | | പ്ലാൻ-മേഖല വിഭജനത്തിൽ ഉൾപ്പെടാത്തത് | 13,99,308 | 14,32,111 | +32803 |
| 14 | | മെയിന്റനൻസ് പ്രോജക്ടുകൾ | 89,98,838 | 44,11,427 | -4587411 |

ബജറ്റ് പ്രകാരം സ്ഥിരനിക്ഷേപ പലിശ,നിക്ഷേപത്തിൽ നിന്നും മുതൽക്കൂട്ടിയത് എന്നീ ഇനങ്ങളിൽ വരവുണ്ട്. . എന്നാൽ, വാർഷിക കണക്കുകൾ പ്രകാരം രണ്ടിനത്തിനും വരവ് ഇല്ല .വാർഷിക കണക്കു പ്രകാരം ലൈസൻസ് ഒഴികെ മറ്റുവരവിനങ്ങളിൽ കുറവായാണ് ഡിമാന്റ് ചെയ്തിരിക്കുന്നത്. പലിശ അനുബന്ധ ചെലവുകൾ ,പൊതു ഉദ്ദേശ്യ ഗ്രാന്റ് ചെലവുകൾ എന്നിവ ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ അധികരിച്ചതായി കാണുന്നു. കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും 214(1) 6 പ്രകാരം അനിവാര്യമായ അടിയന്തിര സാഹചര്യങ്ങളിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ളതായ ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഒരു തുകയും ചെലവാക്കുവാൻ പാടില്ലാത്തതാണ്. ബജറ്റ് തയ്യാറാക്കിയതിലെ അപാകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. മറ്റ് റവന്യൂ ചെലവുകളാവട്ടെ ബജറ്റ് എസ്റ്റിമേറ്റിനേക്കാൾ വളരെ കുറവാണെന്നു കാണുന്നു. സ്ഥാപനത്തിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന ആധികാരിക രേഖയെന്ന നിലയിൽ ബജറ്റ് തയ്യാറാക്കുമ്പോൾ സ്ഥാപനം കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 17.06.2020 |

## 1-3 സാമ്പത്തിക വിശകലനം

| | തുക (രൂപ) |
|---|---|

| | |
|---|---|
| മുന്നിരിപ്പ് | 1,36,63,733.23 |
| ഓഡിറ്റ് വർഷത്തെ വരവ് | 5,93,88,666 |
| ആകെ | 7,30,52,399.23 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,03,16,748 |
| നീക്കിയിരിപ്പ് | 1,27,35,651.23 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 18806471 | 18806471 | 13651736 | 5154735 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 7555235 | 7555235 | 5738742 | 1816493 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 9521000 | 9521000 | 4330606 | 5190394 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4692000 | 4692000 | 2538773 | 2153227 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 9981461 | 9981461 | *4263822 | 5717639 |
| അഗതി-ആശ്രയ | | 0 | 654569 | 654569 | 654569 | 0 |
| MLA Fund | | 0 | 0 | 0 | 0 | 0 |
| വിമുക്തി | | 14229 | 0 | 14229 | 14229 | 0 |
| Bio Diversity | | 0 | 0 | 0 | 0 | 0 |
| Anganwady Water Connection | | 10000 | 0 | 10000 | 0 | 10000 |
| LIFE-State Share | | 0 | 1300000 | 1300000 | 1300000 | 0 |
| Distress Relief Fund | | 8888 | 76 | 8964 | 0 | 8964 |
| MGNREGA അവാർഡ് | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി+Material Cost | 0 | 21012944 | 21012944 | 21012944 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 13388 | 999905 | 1013293 | 1013293 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | PYCKA | 1776 | 0 | 1776 | 0 | 1776 |
| | ICDS | 714857 | 359626 | 1074483 | 447930 | 626553 |
| | ബേട്ടി ബചാവോ ബേട്ടി പഠാവോ | 3678 | 0 | 3678 | 3678 | 0 |
| | TSC1 | 372000 | 0 | 372000 | 0 | 372000 |
| | TSC2 | 34000 | 0 | 34000 | 0 | 34000 |
| | ശുചിത്വ പഞ്ചായത്ത് | 25000 | 0 | 25000 | 0 | 25000 |
| | MGNREGA-100 ദിന-ഇൻസന്റീവ് | 0 | 207000 | 207000 | 207000 | 0 |
| | ODF | 0 | 36000 | 36000 | 24000 | 12000 |
| | സ്വച്ച്ഭാരത്-പെർഫോമൻസ് ഇൻസെന്റീവ് | 310055 | 0 | 310055 | 295000 | 15055 |

| | | | | | | |
|---|---|---|---|---|---|---|
| | ശുചിത്വ മിഷൻ Programme-ഉറവിടമാലിന്യ സംസ്കരണം | 1100000 | 0 | 1100000 | 612993 | 487007 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 1172962 | 2661227 | 3884189 | 2284189 | 1550000 |
| | ജില്ലാ പഞ്ചായത്ത് | 90350 | 1353650 | 1444000 | 1294000 | 150000 |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകതകൾ

* എല്ലാ ഗ്രാന്റുകളുടെയും അലോക്കേഷൻ ഉൾപ്പെടുത്തിയിട്ടില്ല.

*സംസ്ഥാനാവിഷ്കൃത പദ്ധതി വിവരങ്ങൾ നൽകിയിട്ടില്ല.

*കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതി വിവരങ്ങൾ ഓരോ ഫണ്ട് തിരിച്ച് പ്രത്യേകമായി നൽകിയിട്ടില്ല. അപാകതകൾ കേരള ഐ ടി മിഷനുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതാണ്

## 1-4-2 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വകമാറ്റാതെ സമയബന്ധിതമായി വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ ബാലൻസ് ഷീറ്റ് പ്രകാരം 31.03.2020 ൽ ചുവടെ കൊടുത്തിരിക്കുന്ന ഹെഡുകളിൽ വൻതുക നീക്കിയിരിപ്പ് ഉണ്ട്. വിവിധ പ്രോജക്ടുകൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, വകുപ്പുകൾ, മറ്റ് സ്ഥാപനങ്ങൾ വിവിധ വർഷങ്ങളിൽ അനുവദിച്ച തുകയാണ് ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ളത്. പ്രത്യേക ഉദ്ദേശ്യ ഫണ്ടുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ കൃത്യമായി പരിപാലിച്ചിട്ടില്ലാത്തതിനാലും വ്യക്തമായ പരാമർശം ഉൾപ്പെടുത്താതെ വരവെടുത്തിട്ടുള്ളതാനാലും വിവിധ ശീർഷകങ്ങളിൽ നൽകിയിരിക്കുന്ന തുകകളുടെ ആധികാരികത വ്യക്തമല്ല. അതിനാൽ, തന്നെ അനുവദിച്ച ഫണ്ട് സമയബന്ധിതമായി വിനിയോഗിക്കാതെ ലാപ്സായി പോകുന്നതിനും വകമാറ്റി ചെലവഴിക്കുന്നതിനും സാധ്യതയുണ്ട്. ബാലൻസ് ഷീറ്റിൽ നൽകിയിരിക്കുന്ന തുകകളുടെ വിശദാംശങ്ങൾ പരിശോധിച്ച് അവ അനുവദിച്ച ഉദ്ദേശ്യത്തിനു തന്നെ, തുക ലാപ്സായി പോകാതെ, വിനിയോഗിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

| ക്രമ നം | ഹെഡ് | തുക |
|---|---|---|
| 1 | 320200301 | 34000 |
| 2 | 320300103 | 372000 |
| 3 | 320200322 | 549062 |

## 1-4-3 പൊതു വിഭാഗം വികസന ഫണ്ട്സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കിയില്ല,₹51.54 ലക്ഷം ലാപ്സായി.

പൊതു വിഭാഗം വികസന ഫണ്ട് വിഹിതമായ ₹18806471/- ൽ 2019-20 സാമ്പത്തിക വർഷം ₹13651736/- ചെലവഴിച്ചിട്ടുണ്ട്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിക്കാത്തതിനാൽ ₹51,54,735/- ലാപ്സായി.ക്യൂ ബില്ലിൽ ഉൾപ്പെട്ട ബില്ലുകൾ 2020-21 സാമ്പത്തിക വർഷത്തെ അലോട്ട്മെന്റിൽ നിന്നാണ് മാറുന്നത്.

## 1-4-4 പ്രത്യേക ഘടക പദ്ധതി-സമയബന്ധിതമായി പ്രോജക്ടുകൾ

## നടപ്പാക്കിയില്ല

പട്ടികജാതി വിഭാഗം വികസന ഫണ്ട് വിഹിതമായ ₹7555235/- ൽ 2019-20 സാമ്പത്തിക വർഷം ₹5738742/- ചെലവഴിച്ചിട്ടുണ്ട്.ക്യൂ ബില്ലിൽ ഉൾപ്പെട്ട ബില്ലുകൾ 2020-21 സാമ്പത്തിക വർഷത്തെ അലോട്ട്മെന്റിൽ നിന്നും മാറുന്നതിനാലും തൻവർഷം സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിക്കാത്തതിനാലും ₹18,16,493/- ലാപ്സായി. പട്ടികജാതി വിഭാഗത്തിനായി 10 എണ്ണം മാത്രമാണ് നടപ്പാക്കിയത്.

## 1-4-5 സംരക്ഷണ ഗ്രാന്റ് (റോഡ്)-സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കിയില്ല-51.90 ലക്ഷം ലാപ്സായി

റോഡ് മെയിന്റനൻസ് ഗ്രാന്റ് വിഹിതമായ ₹9521000/- ൽ 2019-20 സാമ്പത്തിക വർഷം ₹4330606/- ചെലവഴിച്ചിട്ടുണ്ട്.സാമ്പത്തിക വർഷാവസാനത്തിൽ സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിക്കാത്തതിനാൽ ₹5190394/- ലാപ്സായി. ക്യൂ ബില്ലിൽ ഉൾപ്പെട്ട ബില്ലുകൾ 2020-21 സാമ്പത്തിക വർഷത്തെ അലോട്ട്മെന്റിൽ നിന്നുമാണ് മാറുന്നത്.റോഡ് സംരക്ഷണ ഗ്രാന്റ് ഉപയോഗിച്ച് 14 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്.

## 1-4-6 സെൻട്രൽ ഫിനാൻഷ്യൽ ഗ്രാന്റ്-സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കിയില്ല-57.17 ലക്ഷം ലാപ്സായി

സെൻട്രൽ ഫിനാൻഷ്യൽ ഗ്രാന്റ് വിഹിതമായ ₹9981461/- ൽ 2019-20 സാമ്പത്തിക വർഷം ₹4263822/- ചെലവഴിച്ചിട്ടുണ്ട്.സാമ്പത്തിക വർഷാവസാനത്തിൽ സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിക്കാത്തതിനാൽ ₹57,17,639/- ലാപ്സായി. ക്യൂ ബില്ലിൽ ഉൾപ്പെട്ട ബില്ലുകൾ 2020-21 സാമ്പത്തിക വർഷത്തെ അലോട്ട്മെന്റിൽ നിന്നുമാണ് മാറുന്നത്.സെൻട്രൽ ഫിനാൻഷ്യൽ ഗ്രാന്റ് ഉപയോഗിച്ച് 11 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്.

## 1-4-7 സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്)-സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കിയില്ല-21.53 ലക്ഷം ലാപ്സായി

നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് വിഹിതമായ ₹4692000/- ൽ 2019-20 സാമ്പത്തിക വർഷം ₹2538773/- ചെലവഴിച്ചിട്ടുണ്ട്.സാമ്പത്തിക വർഷാവസാനത്തിൽ സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിക്കാത്തതിനാൽ ₹21,53,227/- ലാപ്സായി. ക്യൂ ബില്ലിൽ ഉൾപ്പെട്ട ബില്ലുകൾ 2020-21 സാമ്പത്തിക വർഷത്തെ അലോട്ട്മെന്റിൽ നിന്നുമാണ് മാറുന്നത്.നോൺ റോഡ് സംരക്ഷണ ഗ്രാന്റ് ഉപയോഗിച്ച് 12 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്.

## 1-4-8 ജോയിന്റ് വെഞ്ചർ വിഹിതം പൂർണ്ണമായും ചെലവഴിക്കേണ്ടതാണ്

ജോയിന്റ് വെഞ്ചർ വിഹിതമായി തൻവർഷം ആകെ ചെലവഴിച്ച 35,78,189 രൂപയിൽ ചെക്ക് മുഖേന നേരിട്ട് ₹14,14,000/- രൂപയും നേരിട്ട് ₹21,64,189/-രൂപയും ചെലവഴിച്ചിട്ടുണ്ട്.ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം അക്കൗണ്ടിൽ 17 ലക്ഷം രൂപ അവശേഷിക്കുന്നുണ്ട്.ആയത് സമയബന്ധിതമായി പദ്ധതികളിലൂടെ പൂർണ്ണമായും ചെലവഴിക്കേണ്ടതാണ്

## 1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിലെ ഓഡിറ്റ് വർഷത്തെ പദ്ധതി അവലോകനം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 169 | 10,89,35,828 | 102 | 4,12,19,382 | 6 | 61 | 60.35 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 13388 | 999905 | 1013293 | 1013293 | - |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | - | 21012944 | 21012944 | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 31320 | 34 |
| കർഷകതൊഴിലാളി പെൻഷൻ | 2419200 | 367 |
| വിധവാപെൻഷൻ | 6027000 | 1021 |
| വാർദ്ധക്യകാലപെൻഷൻ | 9537300 | 1658 |
| വികലാംഗപെൻഷൻ | 1780500 | 307 |
| അവിവാഹിത പെൻഷൻ | 598800 | 100 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 30000 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.06.2021 2.45 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18,955/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ ആഭ്യന്തര നിയന്ത്രണ സംവിധാനം ഏറെക്കുറെ തൃപ്തികരമാണ്. രജിസ്റ്ററുകളും വൗച്ചറുകളും തൃപ്തികരമായി പരിപാലിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നല്കിയ മുൻകൂർ വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ ചേർക്കുന്നില്ല. അഡ്വാൻസ് രജിസ്റ്ററിൽ ഓണം അഡ്വാൻസ്2019 -20 തിരിച്ചടവ് വിവരങ്ങൾ പൂർണ്ണമായും ചേർത്തിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ വാഹനത്തിന്റെ ലോഗ്ബുക്കിൽ മാസാന്ത്യ സംക്ഷിപ്തം കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ പലരും TR.7A കാഷ്ബുക്ക് പരിപാലിക്കുന്നില്ല.(ഉദാ - എച്ച്.എം., എ.ഇ.). പ്രസിഡണ്ടിന്റെ പേരിൽ ഒരു ദുരിതാശ്വാസ നിധി രൂപികരിച്ചിട്ടുണ്ടെങ്കിലും ആയതിൽ ഇടപാടുകൾ ഒന്നും നടക്കുന്നില്ല.ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.1.2021-18.1.2021 | ഏപ്രിൽ-ഡിസംബർ 2020 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13-12-2007 | 1997-98 മുതൽ 2006-07 വരെ | 28-01-2008 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.
1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

## 1-11-1 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്- അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പാലിക്കുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-9,28,082) രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 54,32,988 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-11-2 രജിസ്റ്ററുകളുടെ പരിപാലനം -അപാകതകൾ

1.പെർമ്മിറ്റ് രജിസ്റ്ററിന്റെ ഡിസിബി സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല

2.അഡ്വാൻസ് ,ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവയിൽ ഇനം തിരിച്ച് സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല

3.തൻവർഷ ലേലം കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല
4. ബിൽഡിംഗ് റെഗുലറൈസേഷൻ രജിസ്റ്റർ പൂർണ്ണമല്ല.

5. ആസ്തിരജിസ്റ്റർ പൂർണ്ണമല്ല.

രജിസ്റ്ററുകൾ കാലികമാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

## 1-11-3 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി നടത്തുന്നില്ല,സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കേണ്ടതാണ്

1)1/4/2019-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20-ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിൽ 223 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19-ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Building" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് "110100101-Property Tax On Residential Buiding" ശീർഷകത്തിൽ രണ്ടു തവണ മാത്രമായും (J V.NO 41900184/01.04.19 ,41900044/15.6.19) "110100103-Property Tax On Non Residential Buiding" ശീർഷകത്തിൽ മൂന്നു തവണ മാത്രമായും (J V.NO

41900185/01.04.19 ,41900045/15.6.19,41900208/25.3.20) രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. . 41900208/25.3.20 വൗച്ചർഒഴികെ ബാക്കിയുള്ള ഡിമാന്റ് എൻട്രിക്ക് സാധുത നല്കുന്ന വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല. “സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷിക കണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2)2019-20-ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസ പത്രികയും അനുബന്ധ കണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് തുക | രേഖപ്പെടുത്തിയ തീയ്യതി |
|---|---|---|---|---|
| 1 | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101- Rent From Building | 1<br>766494<br>97686 | 431400101/<br>15.6.19<br>1.3.20 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നൽകുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്

## 1-11-4 സാംഖ്യ-സഞ്ചയ -വസ്തു നികുതി-ലൈബ്രറി സെസ്സ് ബാലൻസ് കണക്കാക്കുന്നതിൽ വ്യത്യാസം

1)ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 76327 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax”എന്ന ശീർഷകത്തിൽ വരേണ്ട തുക 3634 രൂപ (76327/105x5) ആണ്. എന്നാൽ ഈ ശീർഷകത്തിൽ 3653 രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

2)തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 178665രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 197202 രൂപയുമാണ്.(സഞ്ചയ പ്രകാരമുള്ള ആകെ ഡിമാന്റ് 200547 രൂപയും സാംഖ്യ പ്രകാരമുള്ള ആകെ ഡിമാന്റ് 195678 രൂപയും ആണ്) ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/Levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല.

## 1-11-5 വസ്തുനികുതി സഞ്ചയ ഡിസിബി-അംഗീകരിക്കുന്നില്ല

I)ബുക്ക് അഡ്ജസ്റ്റ്മെന്റ് വഴി അധിക തുക ക്രമീകരിച്ചതുമൂലവും ഡിമാന്റിനേക്കാൾ കൂടുതൽ കളക്ഷൻ വന്നതു മൂലവും ഡിമാന്റിനേക്കാൾ കൂടുതൽ കളക്ഷൻ വന്നിട്ടും ആയത് അധിക തുകയായി കാണിക്കാതെയും ബാലൻസ് കിട്ടാനുള്ളതായി കാണിച്ചും യഥാർത്ഥ ബാലൻസ് കിട്ടാനുള്ളതിലേക്കാൾ ആയത് അധിക തുക കാണിച്ചും വസ്തുനികുതി വിവരം സഞ്ചയ ഡിസിബിയിൽ വന്നിട്ടുണ്ട്

ഉദാഹരണമായി നോൺ റസിഡൻഷ്യൽ-റസിഡൻഷ്യൽ കറന്റിന്റെ സഞ്ചയ ഡിസിബി താഴെ കൊടുത്തിരിക്കുന്നു

| | സഞ്ചയയിലെ ഡാറ്റ | | | യഥാർത്ഥത്തിൽ വരേണ്ടത് | | സഞ്ചയയിൽ വന്നത് | |
|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | ഡിമാന്റ് | യഥാർത്ഥ കളക്ഷൻ | കറന്റിലേക്ക് ബുക്ക് അഡ്ജസ്റ്റ് ചെയ്ത തുക | ബുക്ക് അഡ്ജസ്റ്റ് ചെയ്തിട്ടും ബാലൻസ് കിട്ടാനുള്ളത് | അധിക കളക്ഷൻ | ബുക്ക് അഡ്ജസ്റ്റ് ചെയ്തിട്ടും ബാലൻസ് കിട്ടാനുള്ളത് | അധിക കളക്ഷൻ |
| നോൺ റസിഡൻഷ്യൽ-കറന്റ് | | | | | | | |
| 7 | 96727 | 97100 | 405 | 0 | 778 | 7187 | 7799 |
| 11 | 443535 | 443404 | 136 | 0 | 4 | 0 | 0 |
| 12. | 135489 | 129916 | 2733 | 2840 | 0 | 2849 | 8 |
| 16 | 37296 | 12539 | 271 | 24486 | 0 | 24494 | 4 |
| റസിഡൻഷ്യൽ-കറന്റ് | | | | | | | |
| 4 | 157833 | 155631 | 1232 | 970 | 0 | 1212 | 239 |
| 16 | 183512 | 172368 | 3160 | 7984 | 0 | 8180 | 174 |
| 17 | 126498 | 122409 | 2824 | 1265 | 0 | 1374 | 64 |

ഇപ്രകാരം ലൈബ്രറി സെസ്സുകളുടെയും സഞ്ചയ ഡിസിബികളിൽ മാറ്റമുണ്ട്.ആയതിനാൽ തന്നെ വസ്തുനികുതി,ലൈബ്രറി സെസ്സ്എന്നിവ സംബന്ധിച്ച സഞ്ചയ ഡിസിബി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.ഗണിതക്രിയയിൽ തന്നെ സോഫ്റ്റ്വെയറിൽ അപാകതയുണ്ട്. ഉദാ-സഞ്ചയയിലെ നോൺ റസിഡൻഷ്യൽ അരിയറിന്റെയും കറന്റിന്റെയും ബാലൻസ് തുകകൾ കൂട്ടുമ്പോൾ (22660+34809) 57469 ലഭിക്കേണ്ടിടത്തു 57466 ആണ് കാണിച്ചിട്ടുള്ളത്

II)വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

ഉദാ-

റെസിഡൻഷ്യൽ-തൻവർഷം

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" | 2397004 | 2349775 | 37436 | 15202 |

| | | | | |
|---|---|---|---|---|
| സോഫ്റ്റ്‌വെയർ പ്രകാരം | | | | യഥാർത്ഥത്തിൽ 9793 രൂപആണ് വരേണ്ടത്. വ്യത്യാസം 5409 രൂപ 5262 രൂപ തൻവർഷ അഡ്വാൻസ് തുക അടുത്ത വർഷത്തേക്ക് അഡ്ജസ്റ്റ് ചെയ്യാനുള്ളതായും മുൻ വർഷങ്ങളിലേതടക്കം 605506രൂപ അഡ്വാൻസ് ബാലൻസ് അഡ്ജസ്റ്റ് ചെയ്യാനുള്ളതായും കാണിച്ചിട്ടുണ്ട്. |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2397004 | 2344513 | 11899 | 40592വരേണ്ടിയിടത്ത് 15202രൂപ കിട്ടാനുള്ള ബാലൻസ് ആയി കാണിച്ചിരിക്കുന്നു.വ്യത്യാസം 25390 രൂപ |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | (15979/105X100)=15218<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-11-6 Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കുറവ് ചെയ്തതായും കാണുന്നു.വൗച്ചറുകളോ മറ്റ് രേഖകളോ പരിശോധനക്കു ലഭ്യമാക്കിയിട്ടില്ല

2018-19 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2019 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2019-20 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/19 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 11899 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 11310 |

തൻവർഷത്തെയും മുൻ വർഷത്തെയും വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ താഴെ പറയും പ്രകാരം രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കുറവ് ചെയ്തതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനവ്/കുറവ് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ്/കുറവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ്/കുറവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൗച്ചർ/Head Code | തീയതി | തുക |
|---|---|---|---|
| 1 | 41900192/280100101 | 27.7.2019 | 1512 രൂപ അരിയർ സഞ്ചയ പ്രകാരം ഡിമാന്റ് കാണിച്ചു വർദ്ധിപ്പിച്ചു കിട്ടിയതായി കാണിച്ചു |
| 2 | 41900210 | 25.3.20 | 20125 രൂപ പ്രയർ പിരീഡ് അഡ്വാൻസ് കിട്ടിയതായികാണിച്ചു .സഞ്ചയയുമായി Balance ചെയ്യുന്നതിനായി 19-20ലേക്ക് അഡ്വാൻസിൽ 605506 വർദ്ധിപ്പിച്ചു കിട്ടിയതായി കാണിച്ചു |

2 നോൺ-റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൗച്ചർ | തീയതി | തുക |
|---|---|---|---|
| 1. | 41900190 | 25.3.20 | 43886 രൂപ സഞ്ചയ പ്യൂരിഫിക്കേഷൻപ്രകാരം അരിയറിലേക്ക് കൂട്ടി കിട്ടിയതായി കാണിച്ചു |
| 2. | 41900211 | 31.3.20 | 45677 രൂപ സഞ്ചയ പ്രകാരം അഡ്വാൻസ് കൂട്ടികിട്ടിയതായി കാണിച്ചു |

## 1-12 ലേല ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2019-20 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം Miscellaneous Sales എന്ന ഇനത്തിന് - 5250.00 രൂപയുടെ വരവ് ലഭ്യമായിട്ടുണ്ട് . ഇതിൽ 1400 രൂപയുടെ സാധുത പരിശോധിക്കാനുള്ള ഫയൽ മാത്രമേ ലഭ്യമാക്കിയിട്ടുള്ളു. ഫയൽ ലഭ്യമാക്കാത്തതിനാൽ ബാക്കി തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. പരിശോധനക്ക് ലഭ്യമാക്കിയ ലേലം രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 3850 രൂപയുടെ വരവിന്റെ കൃത്യത പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട ഫയലും അനുബന്ധ രേഖകളും ഹാജരാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 10 , തീയതി : 25.06.21 )

## 1-13 ഓഡിറ്റോറിയങ്ങൾക്കു ലൈസൻസ് എടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

2017-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ഓർഡിനൻസിനെ തുടർന്ന് കേരള സംസ്ഥാനത്ത് 2018- ൽ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (രണ്ടാംനമ്പർ)ആക്ട് 2017 ഒക്ടോബർ 20-ആം തീയതി പ്രാബല്യത്തിൽ നിലവിൽ വരികയുണ്ടായി. 2018 ലെ ഈ നിയമവ്യവസ്ഥ പ്രകാരം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 232,233, 233എ എന്നീ വകുപ്പുകൾക്ക് ചില ഭേദഗതികൾ അംഗീകരിച്ചിട്ടുള്ളതാണ്. മേൽ വിവരിച്ച നിയമഭേദഗതികളെ തുടർന്ന് 1996- ലെ കേരള പഞ്ചായത്ത് രാജ്( Issue Of Licence To Dangerous And Offensive Trades And Factories) Rules 1996 ന് 2017-ൽ ഭേദഗതി വരുത്തുകയും പ്രസ്തുത ചട്ടങ്ങളെ കേരള പഞ്ചായത്ത് രാജ് (Issue Of Licence To Factories,Trades,Entrepreneurship And Other Services) എന്നാക്കി പുനർനാമകരണം ചെയ്തിട്ടുള്ളതുമാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 232, 233 എന്നീ വകുപ്പുകൾ പ്രകാരം ചട്ടത്തിൽ പ്രത്യേകം ഒഴിവാക്കിയിട്ടില്ലാത്ത പക്ഷം യാതൊരു കാര്യത്തിലും പഞ്ചായത്ത് പ്രദേശത്തെ സ്ഥലം സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെ ഉപയോഗപ്പെടുത്താൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന ഓഡിറ്റോറിയങ്ങൾക്ക് ലൈസൻസ് ഫീസ് ചുമത്തിയിട്ടില്ലാത്തതാണ്.

1. പാട്ടൂർ കമ്മ്യൂണിറ്റി ഹാൾ -3 / 449
2. എംപീസ് ഓഡിറ്റോറിയം
3.അൽ ബസറ ഓഡിറ്റോറിയം
4.റിജോയ്സ്
5. നന്ദനം ഓഡിറ്റോറിയം
6. ഷാജഹാൻ പാരഡയസ് ഹാൾ

## 1-14 ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ, കള്ളുഷാപ്പുകൾ,ക്ഷീരസഹകരണ സംഘം പ്രവർത്തിക്കുന്നു

ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ പ്രവർത്തിക്കുന്നു:

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 12 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.

ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നു:

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 139 പ്രകാരം കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 8 കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.

ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു:

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 132 പ്രകാരം ക്ഷീരസഹകരണ സംഘം പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 1 ക്ഷീരസഹകരണ സംഘം പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.

ആയതുമായി ബന്ധപ്പെട്ടു നൽകിയ എൻക്വയറിക്കു(നമ്പർ: 4,തീയതി:25.06.21) മറുപടി ലഭ്യമായിട്ടില്ല. മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ

I ) 1996 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 10 പ്രകാരം, നിലവിലെ ലൈസൻസ് പുതുക്കുന്നത് സാമ്പത്തിക വർഷാവസാനത്തിനു 30 ദിവസം മുമ്പും പുതിയ ലൈസൻസ് അനുവദിക്കുന്നത് സ്ഥാപനം തുറക്കുന്നതിനു 30 ദിവസം മുമ്പുമാകണം. ലൈസൻസിനുള്ള ഫയൽ പരിശോധനയിൽ നിലവിൽ ലൈസൻസ് എടുക്കുന്ന 167 സ്ഥാപനങ്ങൾ മാത്രമാണ് ഈ സമയ പരിധി പാലിച്ചിരിക്കുന്നത് . എന്നാൽ സമയപരിധിക്കു ശേഷം 264 -ഓളം സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിയിട്ടുണ്ട്.ലൈസൻസ് പുതുക്കുന്നതിന് ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1996 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ അനുസരിച്ചു പട്ടിക 3,പട്ടിക 4 സ്ഥാപനങ്ങളിൽ നിന്നും

ബാധകമായ ഫീസിന്റെ 25 % അധിക ഫീസ് ചുമത്തേണ്ടതാണ്.
ആയതുമായി ബന്ധപ്പെട്ട് വൈകി അപേക്ഷിച്ച അധിക ഫീസ് അടവാക്കാത്ത ചില സ്ഥാപനങ്ങളുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കു (നമ്പർ : 23/തിയ്യതി.28.06.21 ) പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും അധിക ഫീസ് ഈടാക്കി വിവരം ഓഡിറ്റിന് നൽകിയിട്ടുണ്ട്.
1. അൽ മദീന ഫ്ലവർ മിൽ (II/364 )- 121020100313 തീയതി:29.06.21
2. സെന്റ് ജോസഫ് ഫ്ലവർ മിൽ (V/95 )- 121020100314 തീയതി:29.06.21
II ) 31.10.2017 ലെ ഭേദഗതികൾ പ്രകാരം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും ലൈസൻസ് നൽകുമ്പോൾ സ്ഥാപനങ്ങളുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ഇത്തരത്തിൽ ഫീസ് ഈടാക്കിയതായി കാണുന്നില്ല. സ്ഥാപനങ്ങൾ അപൂർണ്ണമായ അപേക്ഷകളാണ് സമർപ്പിച്ചിരിക്കുന്നത്.
1. കോലത്ത് ജ്വല്ലേഴ്സ്(V/212)- (സ്വർണ്ണ വ്യാപാരം) – 500/-മാത്രം
2. കോലത്ത് ജ്വല്ലേഴ്സ് (IV/428)-(സ്വർണ്ണ വ്യാപാരം) --500/-മാത്രം
3. കണ്ണോത്ത് ജ്വല്ലറി(VII/104)- (സ്വർണ്ണം ,വെള്ളി വ്യാപാരം) – 500 /-മാത്രം
ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 അനധികൃതമായി പ്രവർത്തിക്കുന്ന അറവുശാലകൾ - സ്ഥാപനങ്ങൾക്കെതിരെയുള്ള തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

2019-20 വർഷത്തെ വിവരാവകാശ രജിസ്റ്ററും ഫയലും പരിശോധിച്ചത് പ്രകാരം നമ്പർ: C2-676/20, തീയതി: 11.02.20 എന്ന അപേക്ഷക്കു മറുപടിയായി പഞ്ചായത്തു പരിധിയിൽ 4 അറവുശാലകൾ പഞ്ചായത്തിൽ നിന്നും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി അറിയിച്ചിട്ടുണ്ട് . ഇവ താഴെ ചേർക്കും വിധമാണ്.
1. സിദ്ധിക്ക്, പോക്കാക്കില്ലത്ത് വീട്, തൊയക്കാവ്.
2. സലിം, പോക്കാക്കില്ലത്ത് വീട്, തൊയക്കാവ്.
3. ഷെക്കീർ, പോക്കാക്കില്ലത്ത് വീട്, തൊയക്കാവ്.
4. നാസർ, പോക്കാക്കില്ലത്ത് വീട്, തൊയക്കാവ്.
കേരള പഞ്ചായത്തു രാജ് ആക്ട് സെക്ഷൻ 229 മുതൽ 231 വരെ ,1996 ലെ ചട്ടങ്ങൾ എന്നിവ പ്രകാരം കശാപ്പ് ശാലയ്ക്ക് ലൈസൻസ് എടുക്കേണ്ടതാണ്. 10.03.2020 ലെ പഞ്ചായത്ത് ഭരണസമിതി മിനുട്സ് അജണ്ട 14 തീരുമാനം (1) പ്രകാരം പഞ്ചായത്തിലെ 12 ആം വാർഡിൽ മേൽ സൂചിപ്പിച്ച 4 പേരുടെയും ഉടമസ്ഥതയിൽ അനധികൃത അറവുശാലകൾ പ്രവർത്തിക്കുന്നതായി മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും പ്രസ്തുത വ്യക്തികൾക്ക് അറവു ശാലകളുടെ പ്രവർത്തനം നിർത്തി വെക്കാനായി താൽക്കാലിക നോട്ടീസ് 04.01 .20 ന നൽകിയതായും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനം അടച്ചു പൂട്ടാതെ അനധികൃതമായി പ്രവർത്തനം തുടരുന്നതിനാൽ ഇതിനെതിരെ അടിയന്തിരമായി നടപടി സ്വീകരിക്കാൻ യോഗം തീരുമാനിച്ചു. ഇതിന്റെ നിലവിലെ സ്ഥിതി അറിയുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ: 20. തീയതി. 28.06.21 ) അറവ് ശാലയുടെ പ്രവർത്തനം നിർത്തലാക്കിയിട്ടുണ്ട് എന്ന് മാത്രമേ നൽകിയിട്ടുള്ളൂ. പ്രാദേശിക പരിശോധന നടത്തിയതിന്റെ രേഖകൾ ഒന്നും ഹാജരാക്കിയില്ല. 18.06.2021 ന സിദ്ധിക്ക് പോക്കാക്കില്ലത്ത് അറവുശാല നിർത്തിവച്ചതായി എന്നറിയിക്കുന്ന അപേക്ഷയും ലഭ്യമാക്കിയിട്ടുണ്ട്.
പൊതുസമൂഹത്തിനു ബുദ്ധിമുട്ടുണ്ടാക്കുന്ന രീതിയിൽ അനധികൃതമായി പ്രവർത്തിക്കുന്ന ഇത്തരം അറവുശാലകൾ പ്രവർത്തിക്കാതിരിക്കാൻ ഭാവിയിൽ കൂടുതൽ ശ്രദ്ധപുലർത്തേണ്ടതാണ്.

## 1-17 വാടക - മുഴുവൻ തുകയും ഈടാക്കുന്നില്ല.

1 .പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ റൂം നമ്പർ- V/354 A,B എന്നിവ KSEB ക്ക് പ്രതിമാസം 19,000/-+GST+Flood Cess എന്ന രീതിയിൽ നിശ്ചയിട്ടുള്ളതാണ്. എന്നാൽ GST+Flood Cess എന്നിവ അടവാക്കിയതായ് കാണുന്നില്ല . ആയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി അറിയിച്ചുണ്ട് . മാത്രമല്ല കരാർ പ്രകാരം ഓരോ മാസത്തേയും വാടക മാസത്തിലെ അഞ്ചാം തിയ്യതിക്ക് മുൻപായി അടവാക്കണം എന്നാണ്. എന്നാൽ ഈ സ്ഥാപനം പല മാസങ്ങളിലും വൈകിയാണ് വാടക അടവാക്കുന്നത്. എന്നാൽ ടി തുകക്ക് രണ്ടു ശതമാനം പിഴ പലിശ ഈടാക്കിയതായി കാണുന്നില്ല . മേൽ തുകകൾ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.30 തിയ്യതി 28.6.21ന് തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

2 . റൂം നമ്പർ 12 / 167 Bsnl ന നൽകിയ വാടകക്ക് 2018 -19 വർഷം ഈടാക്കിയ 15500 + 1210 (GST യിൽ ) നിന്നും 2019- 20 വർഷം മേൽ തുകയുടെ 5 % വർദ്ധനവോടെ ഈടാക്കിയതായി കാണുന്നില്ല. ആയതോടോപ്പം ഫ്ളഡ് സെസ് ഈടാക്കിയിട്ടില്ല . മേൽ തുകകൾ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി നം.30 തിയ്യതി 28.6.21ന് തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

3 . റൂം നമ്പർ 5 / 356 – രാധാകൃഷ്ണൻ ഉപ്പറാച്ചന് 2018- 19 ൽ 4650 രൂപയ്ക്ക വാടകക്ക് നൽകി ഈടാക്കിയിരുന്ന ആയതിന 2019- 20 ൽ 5 % വർദ്ധനവ് വരുത്തി ഈടാക്കിയിട്ടില്ല. മറുപടിയായി കോവിഡ് ലോക്ക് ഡൌൺ സാഹചര്യം ആയതിനാലാണ് ഈടാക്കാത്തതെന്നും തുടർ വർഷങ്ങളിൽ വർദ്ധനവ് വരുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട് .

## 1-18 വസ്തു നികുതി നിർണ്ണയം - സ്വിമ്മിങ് പൂൾ ഏരിയ കണക്കാക്കിയില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ) ചട്ടം 3(3) പ്രകാരം വസ്തുനികുതി കണക്കാക്കുന്നതിന കെട്ടിടത്തിന്റെ തറവിസ്തീർണ്ണം പരിഗണിക്കുമ്പോൾ സ്വിമ്മിങ് പൂളിന്റെ തറവിസ്തീർണ്ണം ഉൾപ്പെടുത്തി കണക്കാക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബ്ലൂ സെറീൻ (കരുവന്തല ഹോട്ടൽസ്)- കെട്ടിട നമ്പർ : 11 -289/A എന്ന റിസോർട്ടിന്റെ വസ്തുനികുതി കണക്കാക്കിയപ്പോൾ സ്വിമ്മിങ് പൂളിന്റെ തറവിസ്തീർണ്ണം ഒഴിവാക്കിയതായി കാണുന്നു.
കെട്ടിടത്തിന്റെ ആകെ പ്ലിന്ത് ഏരിയ – 6502 . 07 ച.മീ.
ഇതിൽ നിന്നും വസ്തു നികുതി നിർണയത്തിന് പഞ്ചായത്ത് ഒഴിവാക്കിയവ
പോർട്ടിഗോ – 34.72 ച.മീ.
സ്വിമ്മിങ് പൂൾ – 226.09 ച.മീ.
എക്സിസ്റ്റിങ് ബിൽഡിങ് (1)- 70.83 ച.മീ.
എക്സിസ്റ്റിങ് ബിൽഡിങ്(2) - 209.53 ച.മീ.
വസ്തു നികുതി നിർണ്ണയത്തിനായി കണക്കാക്കിയ ആകെ വിസ്തീർണ്ണം = 5960 ച.മീ.
ആയതിനാൽ സ്വിമ്മിംഗ് പൂളിന്റെ തറവിസ്തീർണ്ണമായ 226.09 ച.മീ. -ന്റെ വസ്തുനികുതിയായി 18,087/- (226.09ച.മീ.*80/-) തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(എൻക്വയറി നം. 29/29.06.2021)

## 1-19 തൊഴിൽ നികുതി

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 12 റേഷൻ കടകൾ 8 കള്ള ഷാപ്പുകൾ ഒരു ക്ഷീര സഹകരണ സംഘം എന്നിവയിലെ ജീവനകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ:15/26-6-21 നൽകിയതിനെ തുടർന്ന് താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി.
1 . ത്രിവേണി സൂപ്പർ മാർക്കറ്റ് 1250/- 12102020100307 Dt 28-06-21 ( ഒന്നാം അർദ്ധ വർഷം )
ത്രിവേണി സൂപ്പർ മാർക്കറ്റ് 1250/- 12102020100307 Dt 28-06-21 ( രണ്ടാം അർദ്ധ വർഷം )
2 . നീതി മെഡിക്കൽസ് 1250/- 12102020100309 Dt 28-06-21 ( ഒന്നാം അർദ്ധ വർഷം )
നീതി മെഡിക്കൽസ് 1250/- 12102020100309 Dt 28-06-21 ( രണ്ടാം അർദ്ധ വർഷം )

തൊഴിൽ നികുതി ഈടാക്കുന്നതുമായി സംബന്ധിച്ച് താഴെ പറയുന്ന നടപടി ക്രമങ്ങൾ പാലിക്കുന്നതിന് ശ്രദ്ധപുലർത്തേണ്ടതാണ് .

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ നോട്ടീസ് നൽകേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം ശേഖരിക്കേണ്ടതും ആണ്. ( നിയമം 205 ബി , ചട്ടം 13 എന്നിവ കാണുക)
2. തൊഴിൽ ഉടമയോടോ അവരുടെ പ്രതിനിധികളോടോ തൊഴിൽ എടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്
3. വാടകയുടെ വരുമാനം ആർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമ നമ്പർ ഒന്നിൽ സൂചിപ്പിച്ച കെട്ടിട ഉടമ ലഭ്യമാക്കുന്ന വിവരങ്ങളും രണ്ടിൽ സൂചിപ്പിച്ച ഫോറം രണ്ടിലെ വിവരങ്ങളും അടിസ്ഥാനപെടുത്തി ആണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാൻഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.
മേൽ പറഞ്ഞ രീതിയിൽ സൂപ്പർവൈസറി തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 പഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ നിയന്ത്രിക്കുന്നതിൽ വീഴ്ച

2019-20 വാർഷിക കണക്ക് ,ബിൽഡിങ് പെർമിറ്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീയായി 51,621/- രൂപയും , ക്രമവൽക്കരണ ഫീയായി 88,131/- രൂപയുമാണ് അടവാക്കിയിരിക്കുന്നത്. ക്രമവൽക്കരണ ഫീ എന്നത് പെർമിറ്റ് ഫീസിന്റെ ഇരട്ടിയായ തുകയാണ് പഞ്ചായത്തിൽ ഈടാക്കുന്നത്. അതായത് പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളെ അടിസ്ഥാനപ്പെടുത്തി നോക്കുമ്പോൾ അനധികൃത നിർമ്മാണം വലിയ രീതിയിൽ നടക്കുന്നെന്ന് ഇത് വ്യക്തമാക്കുന്നു. നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ നിർമ്മാണം നിയന്ത്രിക്കപ്പെടുന്നില്ല എന്നതിനൊപ്പം നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾ സമയബന്ധിതമായി നികുതി അസ്സസ് ചെയ്ത് ഡിമാന്റിൽ ഉൾപ്പെടുത്തുന്നുമില്ല. പഞ്ചായത്തിലെ അനധികൃത നിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2019-20ൽ 7 കെട്ടിടങ്ങൾ ഉൾപ്പെടുന്നുണ്ട്. സ്ഥാപന പരിധിയിൽ നിർമ്മിക്കപ്പെട്ട മുഴുവൻ കെട്ടിടങ്ങളും ഡിമാൻഡിലോ, നിയമവിധേയമായവ അനധികൃത നിർമ്മാണ രജിസ്റ്ററിലോ ഉൾപ്പെടുത്തുന്നതിനായി ഓരോ വാർഡിലും ചുമതലയുള്ള ഉദ്യോഗസ്ഥനെ ഉപയോഗപ്പെടുത്തി വിശദമായ പരിശോധന നടത്തേണ്ടതാണ്. പരിശോധനയിൽ കണ്ടെത്തുന്ന കണക്കിൽ പെടാത്ത കെട്ടിടങ്ങളും കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലുകളും റഗലറൈസ് ചെയ്യാൻ പറ്റുന്നവ അപ്രകാരം ഡിമാൻഡിലും അല്ലാത്തവ അനധികൃത നിർമ്മാണത്തിന്റെ രജിസ്റ്ററിലും ഉൾപ്പെടുത്തേണ്ടതുമാണ്. പരിശോധനയിൽ പഴയ കെട്ടിടങ്ങളുടെ അസ്സെസ്സ്മെന്റിലെ വിവരങ്ങളുമായി നിലവിലെ അവസ്ഥ താരതമ്യം ചെയ്യേണ്ടതും കൂട്ടിച്ചേർക്കലുകളുണ്ടെങ്കിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-21 കിണർ റീചാർജ്ജ് -തൊഴിലുറപ്പിൽ കൂടുതലായി ഉൾപ്പെടുത്തണം.

വെങ്കിടങ്ങ് ഗ്രാമ പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളുണ്ട്. മഴക്കാലത്ത് പോലും കുടിവെള്ളം വിതരണം ചെയ്യുന്നതിലേക്കായി തുക ചെലവഴിക്കുന്ന സാഹചര്യമുണ്ട്. സംസ്ഥാനത്തെ പ്രധാന കുടിവെള്ള സ്രോതസ്സുകളായ കിണറുകളെ മഴവെള്ളത്താൽ റീചാർജ്ജ് ചെയ്യുകയാണെന്നതാണ് ജലസുരക്ഷ സമ്പൂർണ്ണ കിണർ റീചാർജ്ജ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മ പദ്ധതിയിൽ കിണർ റീചാർജ്ജ് പ്രവർത്തികൾ ഉൾപ്പെടുത്താവുന്നതാണ് ,എന്നാൽ 2019-20 വർഷം പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നാമമാത്രമായ പ്രവർത്തികൾ മാത്രമേ ഈയിനത്തിൽ നടപ്പാക്കി കാണുന്നുള്ളൂ. ടി കാര്യത്തെപ്പറ്റി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം. 21,തിയ്യതി 28-06-21)ലഭ്യമാക്കിയ മറുപടി പ്രകാരം കഴിഞ്ഞ വർഷത്തിൽ താൽപ്പര്യം കാണിച്ച ചുരുക്കം ഗുണഭോക്താക്കൾക്കായി പ്രവൃത്തി നടത്തി തുക അനുവദിച്ചിട്ടുണ്ടെന്നും വരും വർഷങ്ങളിൽ ആക്ഷൻ പ്ലാനിൽ ഈ പ്രവൃത്തിക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

റീചാർജ്ജ് ആവശ്യമായ കിണറുകൾ സമഗ്രമായ സർവ്വേയും മറ്റും നടത്തി കണ്ടെത്തേണ്ടതും ഗ്രാമസഭകളിൽ ആവശ്യമെങ്കിൽ പ്രത്യേക ജലഗ്രാമസഭകളും മറ്റും നടത്തി ബോധവൽക്കരണം നടത്തേണ്ടതും അതുവഴി കൂടുതൽ പ്രവർത്തനങ്ങൾ വരും വർഷങ്ങളിൽ നടപ്പാക്കി കുടിവെള്ള ക്ഷാമത്തിന് ശ്വാശത പരിഹാരം കണ്ടെത്തേണ്ടതുമാണ്.

## 1-22 ജി.എം.എൽ.പി സ്കൂൾ -സ്വന്തം സ്ഥലവും കെട്ടിടവും കണ്ടെത്തണം

പദ്ധതി നം.167/19-20

ജി.എം.എൽ.പി സ്കൂളിന് വാടക നൽകൽ

അടങ്കൽ :24,000

ചെലവ് : 24,000

നിർവ്വഹണോദ്ധ്യോഗസ്ഥ സെക്രട്ടറി

സെക്രട്ടറി നടപ്പാക്കിയ നം So 167/20 ജി.എം.എൽ.പി സ്കൂളിന് വാടക നൽകൽ പദ്ധതി പ്രകാരം വെങ്കിടങ്ങ് കണ്ണോത്ത് ഇസ്സത്തുൽ ഇസ്ലാം ജമാ അത്ത് കമ്മിറ്റി കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ജി.എം.എൽ.പി സ്കൂളിന്റെ വാടകയിനത്തിൻ തൻ വർഷത്തിൽ 24000 രൂപ നൽകിയിട്ടുണ്ട്. ടി കമ്മിറ്റിയുടെ19/2/20 തിയ്യതിയിലെ കത്ത് പ്രകാരം ടി സ്കൂളിന്റെ നിലവിലെ വാടക വർദ്ധിപ്പിക്കുന്നതിനായി ആവശ്യപ്പെട്ടിട്ടുണ്ട്, ടി സ്കൂളിന് സ്വന്തം സ്ഥലവും കെട്ടിടവും കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2-തിയ്യതി 21-06-21)ലഭ്യമാക്കിയ മറുപടി പ്രകാരം ഉചിതമായ സ്ഥലം ലഭ്യമല്ലാത്തതിനാലാണ് വാടക കെട്ടിടത്തിൽ സ്കൂൾ പ്രവർത്തിക്കുന്നതെന്നറിയിച്ചിരിക്കുന്നു.

ദീർഘകാലം വാടക കെട്ടിടത്തിൽ സ്കൂൾ പ്രവർത്തിക്കുന്ന സ്ഥിതിവിശേഷം ഒഴിവാക്കേണ്ടതാണ്.സ.ഉ(പി) നം 10/17 തി.19-4-17 നവ കേരള കർമ്മ പദ്ധതി, സർക്കാരിന്റെ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ (സ.ഉ (പി)41/16 തി.28/9/16) ഭാഗമായി സ്കൂൾ കുട്ടികളുടെ പഠന ബോധന പ്രക്രിയയും ഗുണ നിലവാരവും മെച്ചപ്പെടുത്തുന്നതിനായി കെട്ടിടമുൾപ്പടെയുള്ള സൗകര്യങ്ങൾ ഉറപ്പാക്കേണ്ടതുണ്ട്.ആയതിലേക്കായി അദ്ധ്യാപക രക്ഷാകർതൃ ,പൂർവ്വ വിദ്ധ്യാർഥി സംഘടനകളുടെ സഹകരണത്തോടെ സ്വന്തം സ്ഥലവും കെട്ടിടവും കണ്ടെത്താൻ ശ്രമിക്കണമെന്ന ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-23 നൂറ് വീട് ഭവന പദ്ധതി -വായ്പ്പാ തിരിച്ചടവ് സമയ ബന്ധിതമായി പൂർത്തിയാക്കണം.

പദ്ധതി നം. 5/19-20

നൂറ് വീട് ഭവന പദ്ധതി -വായ്പ്പാ മുതൽ തിരിച്ചടവ്

അടങ്കൽ 20,00,000

ചെലവ് 20,00,000

നിർവ്വഹണോദ്ധ്യോഗസ്ഥൻ -സെക്രട്ടറി

ട്രഷറി ബിൽ നം 8/19-20 തിയ്യതി 26-7-19

പദ്ധതി നം. 6/19-20

നൂറ് വീട് ഭവന പദ്ധതി -വായ്പ്പാ പലിശ തിരിച്ചടവ്

അടങ്കൽ 14,34,290

ചെലവ് 14,34,290

നിർവ്വഹണോദ്ധ്യോഗസ്ഥൻ -സെക്രട്ടറി

ട്രഷറി ബിൽ നം 34/19-20 തിയ്യതി 20-3-20

സെക്രട്ടറി നടപ്പാക്കിയ നം.5/19-20, 6/19-20 പദ്ധതികൾ യഥാക്രമം നൂറ് വീട് പദ്ധതിയുടെ വായ്പ്പാ ,മുതൽ തിരിച്ചടവ്, പലിശ തിരിച്ചടവ് എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ടി. ആവശ്യത്തിലേക്കായി വെങ്കിടങ്ങ് ഫാർമേഴ്സ് സഹകരണ ബാങ്കിൽ നിന്ന് 20-04-2015 തിയ്യതി എടുത്തിട്ടുള്ള രണ്ട് കോടി രൂപ വായ്പയുടെ മുതൽ ഇനത്തിലേക്ക് പ്ലാൻ ഫണ്ടിൽനിന്ന് ഇരുപത് ലക്ഷം രൂപയും ,പലിശ ഇനത്തിലേക്ക് തനത് ഫണ്ടിൽ നിന്ന് പതിനാല് ലക്ഷം രൂപയും വർഷം തോറും ചെലവ് വരുന്നുണ്ട്. ബാങ്കുമായി ചമച്ചിരിക്കുന്ന കരാർ പ്രകാരം ടി. വായ്പ 2025 മാർച്ച് മാസത്തിന് മുൻപ് തിരിച്ചടവാക്കേണ്ടതാണ്. വായ്പയുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ മുതലും പലിശയും ചേർത്ത് ഒരു കോടിയോളം രൂപ തിരിച്ചടവാക്കാനുണ്ട്.

11.3.13 തിയ്യതിയിലെ സ.ഉ(എം.എസ്)നം.83/13/ത.സ്വ.ഭ.വ പ്രകാരം ടി ആവശ്യത്തിലേക്കായി എടുക്കുന്ന വായ്പ്പകളുടെ തിരിച്ചടവ് കാലാവധി പത്ത് വർഷത്തിൽ നിജപ്പെടുത്തണമെന്നും, പ്രതിവർഷം ലഭ്യമാകുന്ന വികസന ഫണ്ടിന്റെ പതിനഞ്ച് ശതമാനത്തിൽ കവിയരുതെന്നും നിഷ്കർഷിച്ചിട്ടുണ്ട്. വായ്പ്പാ തുകയുടെ പകുതിയോളം അടുത്ത നാല് വർഷത്തിനുള്ളിൽ തന്നെ തിരിച്ചടവാക്കേണ്ടതുണ്ട്. പ്ലാൻ ഫണ്ടിൽ നിന്നും ,തനത് ഫണ്ടിൽ നിന്നും വലിയൊരു തുക ഈയിനത്തിലേക്ക് മാറ്റി വെക്കേണ്ടി വരുന്നത് കൊണ്ട് മറ്റ് ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് വകമാറിപോകുന്ന അവസ്ഥയാണുള്ളത് . വായ്പയുടെ തിരിച്ചടവിന് 19-3-16,30-3-16,30-3-12 തിയ്യതികളിലെ സർക്കാർ ഉത്തരവുകൾ യഥാക്രമം (ആർ.ടി) ത.സ്വ.ഭ.വ 1296,971,89 എന്നിവ പ്രകാരം ബദൽ മാർഗ്ഗങ്ങൾ തേടേണ്ടതിന്റെ സാധ്യതകൾ പരിശോധിക്കേണ്ടതാണ്.

3-3-10 തിയ്യതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) 40/2010/ത.സ്വ.ഭ.വ പ്രകാരം വായ്പയുടെ പലിശ നിരക്ക് പത്ത് ശതമാനമായിരിക്കണം, എന്നാൽ പതിനൊന്ന് ശതമാനം നിരക്കിലാണ് ബാങ്കുമായി കരാറായിട്ടുള്ളത്. ഈ സാഹചര്യത്തിൽ തിരിച്ചടവിൽ വീഴ്ചയുണ്ടാകാത്തതിന്റെ ആനുകൂല്യവും,ചട്ടപ്രകാരം പലിശ നിരക്കിലുള്ള ഇളവുകളും ലഭ്യമാകേണ്ടതിലേക്കുമായി ബാങ്ക് അധികൃതരുമായി ചർച്ച നടത്തേണ്ടതാണ് . ഇക്കാര്യത്തിലേക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ ഇടപെടൽ ആവശ്യമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 1-24 ലോഗ്ബുക്ക് പരിപാലനം അപാകതകൾ

പഞ്ചായത്തിൽ ഉപയോഗത്തിലിരിക്കുന്ന KL-46 F 6960 മഹീന്ദ്ര സൈലോ വാഹനത്തിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.വാഹനത്തിന്റെ ഉപയോഗത്തെ കുറിച്ച് പ്രതിമാസ സംഗ്രഹം എഴുതി സൂക്ഷിക്കുന്നതിൽ ഇന്ധന ടാങ്കിൽ തൻ മാസത്തെ നീക്കിയിരുപ്പ് രേഖപ്പെടുത്തുന്നില്ല, ആയതിനാൽ അസി.എഞ്ചിനിയർ മെക്കാനിക്കൽ സബ്ബ് ഡിവിഷൻചാലക്കുടിയുടെ 21-11-19 തിയ്യതിയിലെ നംമ്പർ 247/ 20/R-19-20പ്രകാരമുള്ള ഇന്ധനക്ഷമത വാഹനത്തിന് ലഭ്യമാകുന്നുണ്ടോയോന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. വാഹനത്തിൽ ഇന്ധനം നിറക്കുന്നത് ഫുൾ ടാങ്ക് കപ്പാസിറ്റിയിലാണെന്ന് ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രതിമാസ സംഗ്രഹത്തിൽ നിന്ന് ആയതിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. ടി അപാകതകൾ ലോഗ്ബുക്ക് സാക്ഷ്യപ്പെടുത്തുന്ന ഉദ്ധ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. വാഹനത്തിന്റെ ഇന്ധന ക്ഷമതാ സാക്ഷ്യപത്രത്തിന്റെ കാലാവധി 12-11-20 തിയ്യതി അവസാനിച്ചതിനാൽ ആയത് പുതുക്കേണ്ടതാണ്. തൻ വർഷത്തിൽ വാഹനം ഓടിയ ദൂരവും,ഉപയോഗിച്ച ഇന്ധനത്തിന്റെ അളവും തമ്മിൽ പൊരുത്തക്കേടുള്ളതായി കാണുന്നു.ടി കാര്യം പരിശോധന സമയത്ത് സാങ്കേതിക വൈദഗ്ദ്യമുള്ള ഉദ്ധ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

## 1-25 തൊഴിലുറപ്പ് പദ്ധതി അവലോകനം

2019-20വർഷത്തിൽ വെങ്കിടെങ്ങ് പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ വരവ് - | 22026237 |
| ആകെ ചെലവ് - | 22026237 |
| നീക്കിയിരുപ്പ് - | 0 |
| തൊഴിൽ ലഭ്യമാക്കിയ കുടുംബങ്ങളുടെ എണ്ണം | 930 |
| നൂറ് തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങൾ | 363 |
| വിഭാവനം ചെയ്ത പദ്ധതികൾ | 218 |
| പൂർത്തിയാക്കിയ പദ്ധതികൾ | 149 |
| വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | 3259 |
| സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 70927 |

ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ 68ശതമാനം മാത്രം പൂർത്തിയാക്കിയിട്ടുള്ളതും മൊത്തം അടങ്കൽ തുകയുടെ 99% ചെലവഴിച്ചതായും കാണുന്നു ഇതുമായി ബന്ധപ്പെട്ട് അന്വേഷിച്ചതിൽ സ്പിൽ ഓവർ ആക്കിയ വൃക്ഷത്തൈ നടൽ പദ്ധതി മൂന്ന് വർഷം കൊണ്ട് മാത്രമേ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂയെന്നും നൂതന പദ്ധതി ആയതിനാൽ ടി പദ്ധതി കൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തൊഴിൽ ലഭ്യമാക്കിയ 930 കുടുംബങ്ങളിൽ നൂറ് ദിനം പൂർത്തിയാക്കിയത് കേവലം 363 കുടുംബങ്ങൾ മാത്രമാണെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് . വരും വർഷങ്ങളിൽ കൂടുതൽ വൈവിദ്ധ്യമുള്ള പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 പഞ്ചായത്ത് കമ്മിറ്റി തീരുമാനം നടപ്പിലാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

22.7.19 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ 13 (സാധാരണ യോഗം) വെങ്കിടങ്ങ് ഗ്രാമ പഞ്ചായത്തിലെ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടത്തിനു മുകളിൽ കെട്ടിടത്തിനും രോഗികൾക്കും ഭീഷണിയായ അപകടാവസ്ഥയിൽ നില്ക്കുന്ന കശുമാവ് മരം മുറിക്കുന്നതിനും മരത്തിന്റെ വാല്യൂവേഷൻ ലഭിക്കുന്നതിനും ഫോറസ്റ്റ് ഓഫീസറോട് അഭ്യർത്ഥിക്കുന്നതിനും വാല്യൂവേഷൻ ലഭിച്ച ശേഷം മരം ലേലം ചെയ്ത് വില്ക്കുന്നതിനും മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.എന്നാൽ ആയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 14/25.6.21 പ്രകാരം ലേലം, വില്പന എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നല്കിയതിന് മെഡിക്കൽ ഓഫീസർ മറുപടി നൽകിയിട്ടുണ്ട്.ആയത്പ്രകാരം മേൽ മരത്തിന്റെ ശാഖ മാത്രമാണ് മുറിച്ച് മാറ്റിയിട്ടുള്ളു.വാല്യൂവേഷൻ, ലേല നടപടികൾ സ്വീകരിച്ചിട്ടില്ല എന്നും ഭാവിയിൽ വാല്യൂവേഷൻ നടത്തി ലേല നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കമ്മിറി തീരുമാനം ഗൗരവമായി എടുക്കേണ്ടതും ആയത് നടപ്പിലാക്കുവാൻ ബന്ധപ്പെട്ടവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്. തുടർ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-27 കന്നുകുട്ടി പരിപാലന പദ്ധതി

പദ്ധതി നം 72/20

നിർവ്വഹണ ഉദ്യോഗസ്ഥൻ –വെറ്ററിനറി സർജൻ

അടങ്കൽ 312500

ചെലവ് 312500

ബിൽ നം. 5/ 21-01-2020 തുക 312500

2019-20 സാമ്പത്തിക വർഷത്തിൽ കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി 312500 രൂപ എസ് എൽ ബി പി യ്ക്ക് മേൽ നം ബിൽ പ്രകാരം നൽകിയിട്ടുണ്ട്. 50 ഗുണഭോക്താക്കളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയിൽ പങ്കാളികളായവരുടെ പേരുവിവരം ഉൾപ്പെടുത്തിയ നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ പദ്ധതിയിൽ തുടരുന്നതായി കാണുന്നില്ല.

| ക്രമ നം | ഗുണഭോക്താവ് | കാലിത്തീറ്റ അവസാനം കൈപ്പറ്റിയ തിയ്യതി |
|---|---|---|
| 1 | ശ്രീ. സുബ്രഹ്മണ്യൻ | 21.2.2020 |
| 2 | ശ്രീ. അബ്ദുൾ കരീം | 25 10.2020 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/25.6.2020 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ ഗുണഭോക്താക്കളുടെ പശുകുട്ടികൾ മരണപ്പെടുകയും ഇൻഷ്വറൻസ് തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പങ്കാളികളായി തുടരാത്തക്ഷ പക്ഷം അനുവദിച്ച സബ്സിഡി ബാക്കി നിൽക്കുന്നത് തിരിച്ചടവാക്കേണ്ടതുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് എസ് എൽ ബി പി യിൽ നിന്നും പദ്ധതി പൂർത്തീകരണത്തിന്റെ വിശദാംശവും , മേൽ പദ്ധതിയിൽ നിന്നും ഒഴിവായിട്ടുള്ള ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതം ബാക്കിതുക സർക്കാരിലേയക്ക് അടവാക്കുന്നതിന് ആവശ്യപ്പെടേണ്ടതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-28 അഗതി ആശ്രയ

2019-20 സാമ്പത്തിക വർഷത്തിൽ അസി.സെക്രട്ടറി നടപ്പിലാക്കിയ രണ്ട് പദ്ധതികളാണ്അഗതി രഹിത കേരളം 13/20,അഗതി ആശ്രയ 121/20. ഈ പദ്ധതികളുടെ നടത്തിപ്പിനായി എസ് സി വിഭാഗത്തിൽ 300000 രൂപയും ജനറൽ വിഭാഗത്തിൽ 204000 രൂപയും കുടുംബശ്രീയുടെ 30388966398 എന്ന അക്കൗണ്ടിലേയ്ക്ക് നല്കിയിട്ടുണ്ട്. ഈ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (8/24-6-2021)മറുപടി ലഭ്യമാക്കിയിട്ടുണ്ട് .

ജനറൽ വിഭാഗത്തിന് ലഭ്യമായ 204000 രൂപയിൽ 26814 രൂപ വിനിയോഗിക്കുകയും 177186 രൂപ ബാക്കി നില്ക്കുന്നതായും അറിയിച്ചിട്ടുണ്ട്. എസ് സി വിഭാഗത്തിൽ ലഭ്യമായ 300000 രൂപ ഇതുവരെയും ചെലവഴിച്ചിട്ടില്ല. വീടില്ലാത്ത രണ്ട് പേരെ കണ്ടെത്തിയിട്ടുണ്ടെന്നും സംസ്ഥാനമിഷന് കത്ത് നല്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

അനുമതി ലഭ്യമാകുന്നമുറയ്ക്ക് തുക ചെലവഴിച്ച് പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 മെഡിക്കൽ ഓഫീസർ-ആയുർവ്വേദം നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

1) പ്രൊജക്റ്റ് നം.117/2020-യോഗപരിശീലനം(വനിത)

വികസന ഫണ്ട്(പൊതുവിഭാഗം)

അടങ്കൽ:50000 രൂപ ചെലവ്:50000

ബിൽ നം 38/19-20 Dt 22.11.19 തുക 9600 രൂ.

ബിൽ നം 44/19-20 Dt 12.12.19 തുക 9600 രൂ.

ബിൽ നം 51/19-20 Dt 13.1.20 തുക 13200 രൂ.

ബിൽ നം 62/19-20 Dt 16.3.20 തുക 17600 രൂ.

യോഗ പരിശീലനം വഴി ജീവിതശൈലി രോഗങ്ങൾ ഇല്ലാതാക്കുക അതിലൂടെ ആരോഗ്യം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ തയ്യാറാക്കിയ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചത് 29.8.19 ലെ തീരുമാനം 1(2) പ്രകാരമാണ്.എന്നാൽ പദ്ധതിയിലേക്ക് യോഗ പരിശീലകയെ തെരഞ്ഞെടുക്കാനുള്ള കൂടിക്കാഴ്ച 23.8.19 ൽ നടത്തിയിട്ടുണ്ട്. യോഗ പരിശീലകയായി രജനി ടി എസ് ,കുന്നത്തുള്ളി വീട് എന്നിവരുടെ നിയമനം അംഗീകരിച്ചത് 16.10.19 ലെ പഞ്ചായത്ത് ഭരണസമിതിയോഗത്തിലെ തീരുമാനം 3(8) പ്രകാരമാണ്.എന്നാൽ യോഗ പരിശീലനം അറ്റന്റൻസ് രജിസ്റ്റർ പ്രകാരം സെപ്റ്റംബർ 1 മുതൽ ആരംഭിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധാ) നം 3190/17 ത.സ്വ.ഭ.വ തീ.3.10.2017 പ്രകാരം പ്രതിദിനം 400 രൂപ നിരക്കിൽ പ്രതിമാസം പരമാവധി 12000 രൂപയാണ് വേതനമായി നിശ്ചയിച്ചിട്ടുള്ളത്. ടിയാരിയുടെ നിയമനം അംഗീകരിച്ച തിയ്യതി മുതൽ ടിയാരി പരിശീലനം നൽകിയിട്ടുള്ളത് 103 ദിവസങ്ങളിലാണ്.എന്നാൽ ടിയാരിക്ക് 125 ദിവസങ്ങളിലെ വേതനം നൽകിയിട്ടുണ്ട്.പദ്ധതി നിർവ്വഹണത്തിലെ നടപടിക്രമങ്ങൾ അംഗീകാരത്തിനു മുൻപ് തുടങ്ങുന്നത് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിക്കുന്നതിനു കാരണമാകുന്നതാണ്.

2)പ്രൊജക്ട് നം.109/2020-വൃദ്ധജന പരിപാലനം (SC)

വികസന ഫണ്ട്(എസ് സി പി)

അടങ്കൽ:75000 രൂപ ചെലവ്:75000

ബിൽ നം 105/19-20 Dt 24.10.19 തുക 75000 രൂ.

പദ്ധതിയുമായി ബന്ധപ്പെട്ട് മുഴുവൻ തുകക്കും മരുന്നു വാങ്ങിനൽകിയിട്ടുണ്ട്.എന്നാൽ തൻവർഷത്തേക്ക് ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കാതെയാണ് മരുന്നു നൽകിയിട്ടുള്ളത്. ജനറൽ വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ വിവരവും നോമിനൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.ഹെൽത്ത് കാർഡുകൾ പരിശോധിച്ചതിൽ പരിശോധന കാലയളവ് പൂർണ്ണമല്ല.
മേൽ അപാകതകൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് അന്വേഷണം 24/28.6.21)

## 1-30 പൊതുമരാമത്തു പ്രവൃത്തികൾ - പൊതു വിവരങ്ങൾ

2019 -20വർഷത്തിൽ അസി.എഞ്ചിനിയർ നിർവ്വണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ നല്കുന്നു.

തൻവർഷത്തെ ആകെ അടങ്കൽ 33430405/ - രൂപയും, ആകെ ചെലവ് 11622161/- രൂപയുമാണ്.തൻവർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ 80 എണ്ണമാണ്.ആയതിൽ 63 പുതിയ പ്രോജക്ടുകളും 17 സ്പിൽ ഓവർ പ്രോജക്ടുകളുമാണ്. തൻവർഷം നടപ്പിലാക്കിയ പ്രോജക്ടുകൾ 57എണ്ണം മാത്രമാണ്. ഫണ്ടിന്റെ അപര്യാപ്തതമൂലം 24 പ്രോജക്ടുകൾ 2020 -21 വർഷത്തേയ്ക്ക് സ്പിൽ ഓവർ ആക്കിയിട്ടുണ്ട്. റോഡ് അറ്റകുറ്റ പണികൾ 27 എണ്ണവും പുതിയ റോഡ് 13 എണ്ണവും അംഗൻവാടി അറ്റകുറ്റപണി 9 എണ്ണവും,മറ്റുള്ളവ ഉൾപ്പെടെ 8 പ്രവൃത്തികളാണ് തൻവർഷം ചെയ്തിട്ടുള്ളത്. പ്രോജക്ടുകൾ സ്പിൽ ഓവർ ആകുമ്പോൾ ആയതിന്റെ റിവൈസ്ഡ് പ്രോജക്ടുകൾ ബന്ധപ്പെട്ട പ്രോജക്ട് ഫയലിനോടൊപ്പം ഹാജരാക്കിയില്ല.

രജിസ്റ്ററുകൾ ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല. ആസ്തി രജിസ്റ്റർ കാലികമായും തൃപ്തികരമായും ഫയൽ ചെയ്ത് സൂക്ഷിക്കുന്നില്ല. പുതുതായി സൃഷ്ടിച്ച ആസ്തികൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി കാലികമാക്കിയിട്ടില്ല. TR.7A കാഷ്ബുക്ക് പരിപാലിക്കുന്നില്ല. എഗ്രിമെന്റ് രജിസ്റ്റർ, ടെണ്ടർ രജിസ്റ്റർ എന്നിവയിലെ കോളങ്ങളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ പൂർണ്ണമായും എഴുതി ചേർക്കുന്നില്ല. അംഗീകാരം ലഭിച്ച പ്രോജക്ടുകൾ പൂർണ്ണമായും നടപ്പാക്കേണ്ടതും, രജിസ്റ്ററുകൾ ചിട്ടയോടെ പരിപാലിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-31 പാർട്ട് പേമെന്റ് വിവരങ്ങൾ ചേർത്തിട്ടില്ല, പൊളിച്ചെടുത്ത സ്ക്രാപ്പ് വില്പന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് പേര്, നം. - ചിരട്ടക്കടവ് ജനമൈത്രി ലിങ്ക് റോഡ്,So122/20.

എഗ്രിമെന്റ് നം.34/18 – 19. Dtd.5.8.19.

ഫണ്ട് - ഫിനാൻസ് കമമീഷൻ ഗ്രാന്റ്.

അടങ്കൽ - 5 ലക്ഷം.

കരാറുകാരൻ - സി.എസ് രവീന്ദ്രൻ

അളവ് പുസ്തകം - 83/17-18, 90/17-18.

ട്രഷറി ബിൽ നം.2/19 -20.Dtd.6.6.19. തുക 314849.

ട്രഷറി ബിൽ നം. 13/19 -20.Dtd.29.6.19. തുക 142480.

മേൽ പ്രോജക്ടിന്റെ ഫൈനൽ ബിൽ പ്രകാരം 142480/-രൂപയുടെ പ്രവൃത്തി ചെയ്തിട്ടുള്ളതും ആയതിന് ആനുപാതികമായ നികുതികൾ ബില്ലിൽ കുറവ് ചെയ്തതായും കാണുന്നു. എന്നാൽ പാർട്ട് പേമെന്റ് പ്രകാരം 314849/- രൂപ ട്രഷറിയിൽ നിന്നും പിൻവലിക്കുകയും നികുതികൾ കിഴിച്ചുള്ള തുക കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഫൈനൽ ബിൽ നല്കിയപ്പോൾ പാർട്ട് പേമെന്റ് വിവരങ്ങൾ ബില്ലിൽ ചേർത്തിട്ടില്ല.

6.4.2019 ലെ എ.ഇ.യുടെ P1/AE LSGD/2018 -19 ാം നമ്പർ കത്ത് പ്രകാരം പദ്ധതിയുടെ ഭാഗമായി പൊളിച്ചെടുത്ത ബീമിൽ നിന്നും ലഭിച്ച കമ്പി (സ്ക്രാപ്പ്)44.82 Kg.കൈമാറിയിട്ടുണ്ട് എന്നാൽ ആയത് വില്പന നടത്തി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | ഓഡിറ്റിനോപ്പം പരിശോധിച്ചു. | |

### 4-2 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക | മുന്നിരിപ്പ് | ലഭിച്ച | പ്രൊജക്ടിന്റെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|

| നൽകിയ സ്ഥാപനം | ലഭിച്ച വർഷം | | തുക | പേര് | | |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 0 | 2,00,000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് 37/20 | 2,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 400000 | | ലൈഫ് മിഷൻ 129/19(S.O) | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 Direct | 0 | 914200 | ലൈഫ് മിഷൻ (SC)119/20 | 914200 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 Direct | 0 | 30000 | പാലിന് സബ്സിഡി 29/20 | 19989 | 10011 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 0 | 100000 | ലൈഫ് മിഷൻ 12/20(New) | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 0 | 650000 | നെൽകൃഷി ഉഴവ് കൂലി 166/20(New) | 650000 | 0 |
| ആകെ | | 400000 | 1894000 | | 2284189 | 10011 |
| ജില്ലാ പഞ്ചായത്ത് തൃശ്ശൂർ | 2019-20 Direct | 0 | 700000 | ലൈഫ് ഭവനം 12/20(New) | 700000 | 0 |
| ജില്ലാ പഞ്ചായത്ത് തൃശ്ശൂർ | 2019-20 Direct | 0 | 500000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് 37/20 | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 Direct | 0 | 30000 | പാലിന് സബ്സിഡി 29/20 | 30000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 0 | 64000 | അഗതി-ആശ്രയ | 64000 | 0 |
| ആകെ | | 0 | 1294000 | | 1294000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിന്റെയും, തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | Proj.No 34സ്ട്രീറ്റ്മെയിൻ വലിക്കൽ(തജസ്സ്) | 21901607/1.3.20 | 200000 | 0 | 200000 വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| KWA | Proj.No.157 ജലധാര | 21901448/5.12.19 | 250000 | 0 | 250000 വിനിയോഗ |

| | | | | | |
|---|---|---|---|---|---|
| | കുടിവെള്ള പദ്ധതി | | | | സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| നൂറ് വീട് ഭവന പദ്ധതി | 83/13തസ്വഭവ – 11.03.2013 (2 കോടി) | 19000000 | 12536669 | 2000000 | 1434290 | 12382747 |
| ലൈഫ് HUDCO LOAN | | 6034510 | 5814510 | - | - | 5814510 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹80280/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2015-16 | 2-5 | 250 | Shamla K A ,GMUPS | 119020101371/23.7.19 |
| 2014-15 | 2-2 | 5000 | Manager Lakshmi Bankers | 119020101546/7.8.19 |
| 2015-16 | 2-5 | 2500 | Manager Triveni Supermarket | 119020101549/7.8.19 |
| 2015-16 | 2-5 | 2500 | Manager Neethi Medicals | 119020101550/7.8.19 |
| 2015-16 | 2-5 | 1250 | HM,St.Joseph HSS | 119020101554/7.8.19 |
| 2014-15 | 2-2 | 2500 | Secretary,Ksheera Vyavasaya Sahakarana Sangham | 119020101559/7.8.19 |
| 2015-16 | 2-5 | 1250 | Sudhakaran P C Postal Assistant | 119020101567/8.8.19 |
| 2014-15 | 2-2 | 1250 | Manager New Trichur Kuries | 119020102025/19.9.19 |

| | | | | |
|---|---|---|---|---|
| 2014-15 | 2-2 | 1250 | Manager Muthoot Fincorp | 119020103377/230.10..19 |
| 2015-16 | 2-5 | 1250 | Manager Muthoot Fincorp | 119020104272/27.11.19 |
| 2015-16 | 2-5 | 1250 | Manager Kosamattan Finance Lts | 119020104271/27.11.19 |
| 2015-16 | 2-5 | 500 | Manager Canera Bank | 119020400002/6.7.19 |
| 2015-16 | 3-7(1) | 29765 | A G Vivency,Agriculture Officer | 119020105499/10.1.20 |
| 2015-16 | 3-7(2) | 29765 | A G Vivency,Agriculture Officer | 119020105500/10.1.20 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2(2) | 2016-17 | 2 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിൽ നഷ്ടം<br>1. 2014-15 ലെ സാമ്പത്തിക വർഷം ആദ്യ പകുതിയിൽ ന്യൂ ടിച്ചൂർ കറീസ് & ലോൺസ്, മുത്തൂറ്റ് ഫിൻകോർപ്പ് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>2. ലക്ഷമി ബാങ്കേഴ്സ്, ത്രിവേണി സൂപ്പർ മാർക്കറ്റ്, ഏനമാക്കൽ ക്ഷീര സഹായ സഹകരണ സംഘം എന്നീ സ്ഥാപനങ്ങളിൽ നിന്നും 2014-15 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽ | 1. തൊഴിൽ നികുതി ഈടാക്കിയതിലെ നഷ്ടം താഴെ പറയും പ്രകാരം അടവാക്കിയിട്ടുള്ളതാണ്. ന്യൂ ടിച്ചൂർ കറീസ് &ലോൺസ് 1250/- രൂപ Rt.No. 11602100886/16-7-16 അടവാക്കിയിട്ടുണ്ട്. മുത്തൂട്ട് ഫിൻകോർപ്പ് എന്ന സ്ഥാപനം 1250/- രൂപ Rt.No.119020103377/ 30-10-19 അടവാക്കിയിട്ടുണ്ട്.<br>2. ലക്ഷമി ബാങ്കേഴ്സ് സ്ഥാപന തൊഴിൽ നികുതി 07/08/2019 ലെ 119020101546 എന്ന രസീതി പ്രകാരവും, ത്രിവേണി സൂപ്പർമാർക്കറ്റ് സ്ഥാപന തൊഴിൽ നികുതി 12/08/2016 ലെ 11602101095 എന്ന രസീതി പ്രകാരവും, |

| | | | | | |
|---|---|---|---|---|---|
| | | | | നികുതി ഈടാക്കിയിട്ടില്ല | ഏനമാക്കൽ ക്ഷീര സഹായ സഹകരണ സംഘം 07/08/2019 ലെ 119020101559 എന്ന രസീതി പ്രകാരവും അടവാക്കിയിട്ടുണ്ട്. |
| 2015-16 | 2(5) | 2016 | 2 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ.<br>1. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>2. അർഹമായ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.<br>3. 2015-16 വർഷത്തിലെ തൊഴിൽ നികുതി ഭാഗീകമായോ പൂർണ്ണമായോ ഈടാക്കാത്ത സ്ഥാപനങ്ങൾ.<br>4. സെന്റ് ജോസഫ്സ് എച്ച്.എസ് ,ഏനമാക്കൽ എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നിയമന അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. | 1. സൂരജ് കെ ആർ , കേനറാ ബാങ്ക് എന്നവർ 500/- രൂപ രസീതി നം 119020400002 തിയ്യതി 06/07/2019 പ്രകാരവും, ഷംല.കെ.എ. GMUPS എന്നവർ 250/- രൂപ രസീതി നം.119020101371 23/07/2019 പ്രകാരവും അടവാക്കിയിട്ടുണ്ട്.<br>2. സുധാകരൻ പി സി, പോസ്റ്റൽ അസിസ്റ്റന്റ് എന്നവർ 08/08/2019 ലെ 119020101567 എന്ന രസീതി പ്രകാരം തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട് .<br>3. എവർലാസ്റ്റിങ്ങ് കുറീസ് Pvt (രസീതി നം – 11502102252, തിയ്യതി 11/2/16) സ്ഥാപന നികുതി രണ്ടാം അർദ്ധ വർഷം അടവാക്കിയിട്ടുണ്ട്.<br>ശ്രേയസ് ചിറ്റ്സ് & ഫിനാൻസ് (രസീതി നം – 11602100016, തിയ്യതി 2/4/14) സ്ഥാപന നികുതി അടവാക്കിയിട്ടുണ്ട്.<br>ചാവക്കാട് ഫർക്ക ബാങ്ക് (രസീതി നം – 11502102896, തിയ്യതി 2/3/16) സ്ഥാപന നികുതി അടവാക്കിയിട്ടുണ്ട്.<br>എസ്.ബി.ടി (രസീതി നം – 11502500019, തിയ്യതി 12/2/16) സ്ഥാപന നികുതി അടവാക്കിയിട്ടുണ്ട്.<br>ന്യൂ ട്രിച്ചൂർ കുറീസ് |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | (രസീതി നം – 11602100886, തിയ്യതി 16/7/16) സ്ഥാപന നികുതി അടവാക്കിയിട്ടുണ്ട്.<br>ഔട്ട് റീച്ച് കെയറിങ്ങ് സെൻ്റർ (രസീതി നം – 11602100629, തിയ്യതി 16/6/16) സ്ഥാപന നികുതി അടവാക്കിയിട്ടുണ്ട്.<br>മുത്തൂറ്റ് ഫിൻ കോർപ്പ് (രസീതി നം – 119020104272, തിയ്യതി 127/11/2019) സ്ഥാപന നികുതി അടവാക്കിയിട്ടുണ്ട്.<br>കൊശമറ്റം ഫിനാൻസ് രസീതി നം – 119020104271 തിയ്യതി 27/11/2019) സ്ഥാപന നികുതി അടവാക്കിയിട്ടുണ്ട്.<br>ലക്ഷ്മി ബാങ്കേഴ്സ് വെങ്കിടങ്ങ്(രസീതി നം – 119020101546, തിയ്യതി 07/08/2019) സ്ഥാപന നികുതി അടവാക്കിയിട്ടുണ്ട്. , ത്രിവേണി സൂപ്പർമാർക്കറ്റ് (രസീതി നം – 119020101549 തിയ്യതി 07/08/2019) സ്ഥാപന നികുതി അടവാക്കിയിട്ടുണ്ട്.<br>നീതി മെഡിക്കൽസ് (രസീതി നം – 119020101550, തിയ്യതി 07/08/2019) സ്ഥാപന നികുതി അടവാക്കിയിട്ടുണ്ട്.<br>4)സെൻ്റ് ജോസഫ്സ് എച്ച്.എസ്, ഏനമാക്കൽ എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ (പോളി വി.എ, ജെസി വി.ജി, ജോളി ജോസഫ്)തൊഴിൽ നികുതി | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | അടവാക്കിയിട്ടുണ്ട് (രസീതി നം – 117020101307, 23/8/17).ലിന്റെ ഫ്രാൻസിസ് എന്നവരുടെ നിയമനം നാളിതുവരെ അംഗീകരിച്ചിട്ടില്ല. അലീന ജോക്കബ്, ജിപ്സി എന്നിവരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട് (രസീതി നം – 117020101308, 23/08/17 ) . ഷാജി എൻ.ടി എന്നവർ 07/08/2019 ൽ രസീതി നം – 119020101554 പ്രകാരം തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട് . |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,30,52,399.23 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,03,16,748 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 67-68 | എൽ.എഫ്.ഇ3 (1)/ 6590/ 25.1.74 |
| 81-82 | എൽ.എഫ്.ടി.(എസ് 2) 1130/11/ 26.7.11/20.10.11 |
| 82-83 | |
| 83-84 | |
| 84-85 | |
| 85-86 | എൽ.എഫ്.ഇ(1)/1513/90/10.1.91 |
| 86-87 | എൽ.എഫ്.ഇ(1)/2433/ 91/4.2.92 |
| 87-88, 89-90, 90-91 | എൽ.എഫ്.ഇ (1)/197/94/8.3.94 |
| 91-92 | എൽ.എഫ്.ഇ3(1)/ 1554/93/15.2.94 |
| 92-93 | എൽ.എഫ്.ടി.18- 1172/2000/19.9.2000 |
| 93-94 | എൽ.എഫ്.ടി.18-1111/ 2000/2.11.2000 |
| 94-95 | എൽ.എഫ്.ടി.18- 1167/2000/8.11.2000 |
| 95-96 | എൽ.എഫ്.ടി.18- 01/12/2000/8.11.2000 |
| 96-97 | എൽ.എഫ്.ടി.11- 548/98/2.11.98 |
| 97-98 | എൽ.എഫ്.ടി.15-8/2000/ 6.6.2000 |
| 98-99 (വരവ്) | എൽ.എഫ്.ടി.15- 1443/02/ 27.9.02 |
| 98-99 (ചെലവ്) | എൽ..എഫ്.ടി.18- 1/5.8.2001 |
| 99-00 | എൽ.എഫ്.ടി.18- 165/2002/27.9.2002 |
| 2000-01 | എൽ.എഫ്.ടി.18-500/04/ 30.9.04 |
| 01-02 | എൽ.എഫ്.ടി.18- 506/04/ 30.9.04 |
| 02-03 | എൽ.എഫ്.ടി.18-1744/04/ 2.11.04 |
| 03-04 | എൽ.എഫ്.ടി.18-1514/05/ 17.1.06 |
| 04-05 | എൽ.എഫ്.ടി.15-289/07/ 16.3.07 |
| 05-06 | എൽ.എഫ്.ടി.15- 2011/08/ 14.9..09 |
| 06-07 | എൽ.എഫ്.ടി.15-236/10/ 6.9.2010 |
| 07-08 | എൽ.എഫ്.ടി.15- 237/10/ 6.9.2010/14.2.11 |
| 08-09 | എൽ.എഫ്.ടി.പി(1)- 2103/12/6.2.13 |
| 09-10 | എൽ.എഫ്.ടി.പി(1)- 2103/12/6.2.13 |
| 10-11 | എൽ.എഫ്.ടി.പി.(1)- 2103/12/6.2.13 |
| 11-12 | എൽ.എഫ്.ടിപി(1)- 983/13/11.2.14/1.4.14 |
| 12-13 | എൽ.എഫ്.ടി.പി(5)- 1540/14/2.2.15 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ(പി5)-732/15- |

| | |
|---|---|
| | 21/8/15/14.10.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(പി5)1149/2016-16-7-2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി.5)2129/2016-05.12.2016 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി.5)1522/2017-29.11.17/7.12.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ(പി.5)27/2019-16.04.2019 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ(പി.5)700/2020 തിയ്യതി:28/07/2020 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## <u>അനുബന്ധം-2</u>

## <u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

തൃശ്ശൂർ ജില്ലയിലെ വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്